ഭാരത സർക്കാർ

നിയമ മന്ത്രാലയം

# കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളികളുടെ (തൊഴിലും സേവനവ്യവസ്ഥകളും ക്രമപ്പെടുത്തൽ) ആക്റ്റ്, 1996

## (1996-ലെ 27-ാം നമ്പർ ആക്റ്റ്)

(2006 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE BUILDING AND OTHER CONSTRUCTION WORKERS' (REGULATION OF EMPLOYMENT AND CONDITIONS OF SERVICE) ACT, 1996

## (ACT No. 27 OF 1996)

(As on 30th March, 2006)

വില : രൂപ 51.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്, 2006.

# ആമുഖം

2006 മാർച്ച് 30-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളികളുടെ (തൊഴിലും സേവനവ്യവസ്ഥകളും ക്രമപ്പെടുത്തൽ) ആക്റ്റ്, 1996 (1996-ലെ 27-ാം ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2006 ജൂലൈ 17-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 36 മുതൽ 61 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്രനിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. കെ. എൻ. ചതുർവേദി,

*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

# PREFACE

This Edition of the Building and Other Construction Workers' (Regulation of Employment and Conditions of Service) Act, 1996 (Act 27 of 1996) as on 30th March, 2006 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. I dated 17th July, 2006 on pages 36 to 61.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. K. N. CHATURVEDI,

*Secretary to the Government of India.*

3/3832/2006 (3).

# കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളികളുടെ (തൊഴിലും സേവന വ്യവസ്ഥകളും ക്രമപ്പെടുത്തൽ) ആക്റ്റ്, 1996

(1996-ലെ 27-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

### അദ്ധ്യായം I

### പ്രാരംഭികം


| വകുപ്പുകൾ | | | പേജ് |
|---|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ബാധകതയും | .. | 1 |
| 2. | നിർവചനങ്ങൾ | .. | 1 |

അദ്ധ്യായം II

ഉപദേശക സമിതികളും വിദഗ്ദ്ധ സമിതികളും

| | | | |
|---|---|---|---|
| 3. | കേന്ദ്ര ഉപദേശക സമിതി | .. | 3 |
| 4. | സംസ്ഥാന ഉപദേശക സമിതി | .. | 4 |
| 5. | വിദഗ്ദ്ധ സമിതികൾ | .. | 5 |

അദ്ധ്യായം III

സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

| | | | |
|---|---|---|---|
| 6. | രജിസ്റ്ററിംഗ് ആഫീസർമാരുടെ നിയമനം | .. | 5 |
| 7. | സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | .. | 5 |
| 8. | ചില സംഗതികളിൽ രജിസ്ട്രേഷൻ പിൻവലിക്കൽ | .. | 6 |
| 9. | അപ്പീൽ | .. | 6 |
| 10. | രജിസ്റ്റർ ചെയ്യാതിരുന്നാലുള്ള ഫലം | .. | 6 |

അദ്ധ്യായം IV

ഗുണഭോക്താക്കളായി കെട്ടിടത്തൊഴിലാളികളുടെ രജിസ്ട്രേഷൻ

| | | | |
|---|---|---|---|
| 11. | നിധിയുടെ ഗുണഭോക്താക്കൾ | .. | 6 |
| 12. | ഗുണഭോക്താക്കളായി കെട്ടിടത്തൊഴിലാളികളുടെ രജിസ്ട്രേഷൻ | .. | 7 |
| 13. | തിരിച്ചറിയൽ കാർഡുകൾ | .. | 7 |
| 14. | ഗുണഭോക്താവ് അല്ലാതായിത്തീരൽ | .. | 7 |
| 15. | ഗുണഭോക്താക്കളുടെ രജിസ്റ്റർ | .. | 8 |
| 16. | കെട്ടിടത്തൊഴിലാളികളുടെ അംശദായം | .. | 8 |
| 17. | അംശദായം അടയ്ക്കാതിരുന്നാലുള്ള ഫലം | .. | 8 |

അദ്ധ്യായം V

## കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമ ബോർഡുകൾ

| | | |
|---|---|---|
| 18. | സംസ്ഥാന ക്ഷേമ ബോർഡുകളുടെ രൂപീകരണം .. | 8 |
| 19. | ബോർഡുകളുടെ സെക്രട്ടറിയും മറ്റു ആഫീസർമാരും .. | 9 |
| 20. | ബോർഡുകളുടെ യോഗങ്ങൾ .. | 9 |
| 21. | ഒഴിവുകൾ മുതലായവ ബോർഡുകളുടെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന് .. | 9 |
| 22. | ബോർഡുകളുടെ ചുമതലകൾ .. | 9 |
| 23. | കേന്ദ്ര സർക്കാരിനാലുള്ള സഹായധനങ്ങളും വായ്പകളും .. | 10 |
| 24. | കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധിയും അതിന്റെ വിനിയോഗവും .. | 10 |
| 25. | ബജറ്റ് .. | 11 |
| 26. | വാർഷിക റിപ്പോർട്ട് .. | 11 |
| 27. | കണക്കുകളും ആഡിറ്റും .. | 11 |

അദ്ധ്യായം VI

## കെട്ടിടത്തൊഴിലാളികളുടെ പ്രവൃത്തിമണിക്കൂറുകളും ക്ഷേമ പ്രവർത്തനങ്ങളും മറ്റു സേവന വ്യവസ്ഥകളും

| | | |
|---|---|---|
| 28. | സാധാരണ പ്രവൃത്തി ദിവസത്തിനുള്ള മണിക്കൂറുകൾ നിജപ്പെടുത്തൽ മുതലായവ .. | 11 |
| 29. | ഓവർടൈം പണിക്കുള്ള കൂലി .. | 12 |
| 30. | രജിസ്റ്ററുകളും റിക്കാർഡുകളും വച്ചുപോരൽ .. | 12 |
| 31. | ചില ആളുകളെ ചില കെട്ടിട-മറ്റു നിർമ്മാണ പണിയിൽ നിയോജിക്കുന്നതിന് വിലക്ക് .. | 12 |
| 32. | കുടിവെള്ളം .. | 12 |
| 33. | കക്കൂസുകളും മൂത്രപ്പുരകളും .. | 13 |
| 34. | താമസ സൗകര്യം .. | 13 |
| 35. | ശിശുശാലകൾ .. | 13 |
| 36. | പ്രഥമശുശ്രൂഷ .. | 13 |
| 37. | കാന്റീനുകൾ, മുതലായവ .. | 13 |

## അദ്ധ്യായം VII

## സുരക്ഷിതത്വ-ആരോഗ്യ നടപടികൾ


38. സുരക്ഷിതത്വ സമിതിയും സുരക്ഷിതത്വ ആഫീസർമാരും .. 14

39. ചില അപകടങ്ങൾ സംബന്ധിച്ച നോട്ടീസ് .. 14

40. കെട്ടിട തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും .. 14
ആരോഗ്യത്തിനും വേണ്ടിയുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന്
സമുചിതസർക്കാരിന്റെ അധികാരം .. 14

41. സുരക്ഷിതത്വ നടപടിക്ക് മാതൃകാ ചട്ടങ്ങളുണ്ടാക്കൽ .. 16


## അദ്ധ്യായം VIII

## പരിശോധനാ ഉദ്യോഗസ്ഥർ


42. ഡയറക്ടർ-ജനറലിന്റെയും, ചീഫ് ഇൻസ്പെക്ടറുടെയും ഇൻസ്പെക്ടർമാരുടെയും നിയമനം .. 16

43. ഇൻസ്പെക്ടർമാരുടെ അധികാരങ്ങൾ .. 17


## അദ്ധ്യായം IX

## പ്രത്യേക വ്യവസ്ഥകൾ


44. തൊഴിലുടമകളുടെ ഉത്തരവാദിത്വം .. 18

45. കൂലിയും നഷ്ടപരിഹാരവും നൽകുന്നതിനുള്ള ഉത്തരവാദിത്വം .. 18

46. കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി ആരംഭിക്കൽ നോട്ടീസ് .. 18


## അദ്ധ്യായം X

## ശിക്ഷകളും നടപടിക്രമവും


47. സുരക്ഷിതത്വ നടപടികൾ സംബന്ധിച്ച വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ .. 19

48. കെട്ടിടത്തിന്റെയോ മറ്റ് നിർമ്മാണത്തിന്റെയോ പണി ആരംഭിക്കലിനുള്ള നോട്ടീസ് നൽകുന്നതിൽ വീഴ്ച വരുത്തിയാലുള്ള ശിക്ഷ .. 19

49. തടസ്സപ്പെടുത്തലുകൾക്കുള്ള ശിക്ഷ .. 19

50. മറ്റു കുറ്റങ്ങൾക്കുള്ള ശിക്ഷ .. 20

51. അപ്പീൽ .. 21

52. പിഴ സംഖ്യ വസൂലാക്കൽ .. 21

53. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ .. 22

54. കുറ്റങ്ങൾ നടപടിക്കെടുക്കൽ .. 22

55. പ്രോസിക്യൂഷനുകളുടെ കാലഹരണം .. 22

## അദ്ധ്യായം XI

### പലവക

| | | |
|---|---|---|
| 56. | അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കൽ .. | 23 |
| 57. | റിട്ടേണുകൾ .. | 23 |
| 58. | 1923-ലെ 8-ാം ആക്റ്റ്, കെട്ടിടത്തൊഴിലാളികൾക്ക് ബാധകമാക്കൽ .. | 23 |
| 59. | ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം .. | 23 |
| 60. | നിർദ്ദേശങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം .. | 23 |
| 61. | വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം .. | 23 |
| 62. | ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം .. | 23 |
| 63. | ചില നിയമങ്ങളുടെ ഒഴിവാക്കൽ .. | 26 |
| 64. | റദ്ദാക്കലും ഒഴിവാക്കലും .. | 26 |

# കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളികളുടെ (തൊഴിലും സേവന വ്യവസ്ഥകളും ക്രമപ്പെടുത്തൽ) ആക്റ്റ്, 1996

## (1996-ലെ 27-ാം നമ്പർ ആക്റ്റ്)

[1996 ആഗസ്റ്റ്, 19]

കെട്ടിടത്തിന്റെയും മറ്റു നിർമ്മാണത്തിന്റെയും തൊഴിലാളികളുടെ തൊഴിലും സേവന വ്യവസ്ഥകളും ക്രമപ്പെടുത്തുന്നതിനും അവരുടെ സുരക്ഷിതത്വവും, ആരോഗ്യവും ക്ഷേമ നടപടികളും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങളും വ്യവസ്ഥ ചെയ്യുന്നതിനുമുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാൽപ്പത്തേഴാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം

1. ***ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ബാധകതയും.***—(1) ഈ ആക്റ്റിന് കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളികളുടെ (തൊഴിലും സേവന വ്യവസ്ഥകളും ക്രമപ്പെടുത്തൽ) ആക്റ്റ്, 1996 എന്ന് പേർ പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് 1996 മാർച്ച് 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

(4) ഇത്, പത്തോ അതിലധികമോ കെട്ടിടത്തൊഴിലാളികളെ, ഏതെങ്കിലും കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണിയിൽ നിയോജിക്കുന്നതോ അല്ലെങ്കിൽ തൊട്ടുമുമ്പുള്ള പന്ത്രണ്ട് മാസത്തിൽ ഏതെങ്കിലും ദിവസം നിയോജിച്ചിട്ടുണ്ടായിരുന്നതോ ആയ ഓരോ സ്ഥാപനത്തിനും ബാധകമായിരിക്കുന്നതാണ്.

***വിശദീകരണം.***—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, തൊഴിലുടമയോ കോൺട്രാക്ടറോ ഒരു ദിവസം പല തവണകളിലായി മാറി മാറി ജോലി ചെയ്യുന്നതിന് നിയോജിച്ചിട്ടുള്ള കെട്ടിട ത്തൊഴിലാളികളെ ആ സ്ഥാപനത്തിലെ കെട്ടിടത്തൊഴിലാളികളുടെ എണ്ണം കണക്കാക്കുന്നതിന് കണക്കിലെടുക്കേണ്ടതാണ്.

2. ***നിർവചനങ്ങൾ.***—(1) ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "സമുചിതസർക്കാർ" എന്നാൽ,—

(i) ഒരു സ്ഥാപനത്തെ സംബന്ധിച്ച് (നേരിട്ടോ കരാറുകാരൻ മുഖേനയോ കെട്ടിടത്തൊഴിലാളികളെ നിയോജിക്കുന്ന) വ്യാവസായിക തർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14) പ്രകാരം ആ സ്ഥാപനത്തെ സംബന്ധിച്ച് സമുചിതസർക്കാർ കേന്ദ്രസർക്കാർ ആകുന്നിടത്ത്, കേന്ദ്രസർക്കാർ;

(ii) കെട്ടിടത്തൊഴിലാളികളെ നേരിട്ടോ ഒരു കരാറുകാരൻ മുഖേനയോ നിയോജിക്കുന്ന, ഒരു പൊതുമേഖലാ സ്ഥാപനമായി കേന്ദ്രസർക്കാർ വിജ്ഞാപനംവഴി, വിനിർദ്ദേശിക്കുന്ന, അങ്ങനെയുള്ള ഏതെങ്കിലും സ്ഥാപനത്തെ സംബന്ധിച്ച്, കേന്ദ്രസർക്കാർ;

***വിശദീകരണം.***—(ii)-ാം ഉപഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി "പൊതുമേഖലാസ്ഥാപനം" എന്നാൽ ഏതെങ്കിലും കേന്ദ്ര, സംസ്ഥാന അല്ലെങ്കിൽ പ്രവിശ്യ ആക്റ്റിനാലോ അതിൻകീഴിലോ സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും കോർപ്പറേഷനോ അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ നടത്തിപ്പിലോ ഉള്ളതും കമ്പനികൾ ആക്റ്റ്, 1956 (1956-ലെ 1)-ലെ 617-ാം വകുപ്പിൽ നിർവചിച്ച പ്രകാരമുള്ള ഒരു സർക്കാർ കമ്പനിയോ എന്നർത്ഥമാകുന്നു;

(iii) നേരിട്ടോ അല്ലെങ്കിൽ ഒരു കരാറുകാരൻ മുഖേനയോ കെട്ടിടത്തൊഴിലാളികളെ നിയോജിക്കുന്ന മറ്റേതെങ്കിലും സ്ഥാപനത്തെ സംബന്ധിച്ച്, ആ മറ്റു സ്ഥാപനം സ്ഥിതിചെയ്യുന്ന സംസ്ഥാനത്തെ സർക്കാർ എന്നർത്ഥമാകുന്നു;

(ഖ) "ഗുണഭോക്താവ്" എന്നാൽ 12-ാം വകുപ്പു പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു കെട്ടിടത്തൊഴിലാളി എന്നർത്ഥമാകുന്നു;

(ഗ) "ബോർഡ്" എന്നാൽ 18-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമബോർഡ് എന്നർത്ഥമാകുന്നു;

(ഘ) "കെട്ടിടത്തിന്റെയോ മറ്റ് നിർമ്മാണത്തിന്റെയോ പണി" എന്നാൽ, കെട്ടിടങ്ങൾ, തെരുവുകൾ, റോഡുകൾ, റെയിൽവേകൾ, ട്രാംവേകൾ, വിമാനത്താവളങ്ങൾ, ജലസേചനം, അഴുക്കുചാൽ, ചിറയും നാവിഗേഷനും ജോലികൾ, വെള്ളപ്പൊക്കനിയന്ത്രണജോലികൾ (പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വെള്ളം ഒഴുക്കിക്കളയുന്ന ജോലികൾ ഉൾപ്പെടെ) വൈദ്യുതിയുടെ ഉൽപ്പാദനവും എത്തിച്ചുകൊടുക്കലും വിതരണവും, ജലസംഭരണവിതരണ സംവിധാനങ്ങൾ (ജലവിതരണത്തിനുള്ള ചാനലുകൾ ഉൾപ്പെടെ) ഓയിൽ-ഗ്യാസ് യന്ത്രോപകരണങ്ങൾ സ്ഥാപിക്കൽ, വൈദ്യുതി ലൈനുകൾ, വയർലസ്, റേഡിയോ, ടെലിവിഷൻ, ടെലിഫോൺ, ടെലഗ്രാഫും വിദൂര വാർത്താവിനിമയവും, അണക്കെട്ടുകൾ, കനാലുകൾ, ജലസംഭരണികൾ, നീർച്ചാലുകൾ, ടണലുകൾ, പാലങ്ങൾ, പല ആർച്ചുകളുള്ള തീവണ്ടിപ്പാലങ്ങൾ, വെള്ളച്ചാൽ, പൈപ്പുലൈനുകൾ, ഗോപുരങ്ങൾ, ശീതീകരണ ഗോപുരങ്ങൾ, സംപ്രേക്ഷണ ഗോപുരങ്ങൾ എന്നിവയുടെയോ അവയെ സംബന്ധിച്ചതോ ആയ നിർമ്മാണമോ, രൂപഭേദപ്പെടുത്തലോ, അറ്റകുറ്റപ്പണിയോ സംരക്ഷണമോ പൊളിച്ചുകളയലോ, സമുചിതസർക്കാർ ഇതിലേക്കായി വിജ്ഞാപനംവഴി വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള മറ്റ് പണിയും എന്നർത്ഥമാകുന്നു: എന്നാൽ, ഫാക്ടറീസ് ആക്റ്റ്, 1948 (1948-ലെ 63)-ലെയോ ഖനികൾ ആക്റ്റ്, 1952 (1952-ലെ 35)-ലെയോ വ്യവസ്ഥകൾ ബാധകമാകുന്ന ഏതെങ്കിലും കെട്ടിടത്തിന്റെയോ മറ്റ് നിർമ്മാണത്തിന്റെയോ പണി ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

(ങ) "കെട്ടിടത്തൊഴിലാളി" എന്നാൽ കൂലിക്കോ പ്രതിഫലത്തിനോ വേണ്ടി, ഏതെങ്കിലും കെട്ടിടത്തിന്റെയോ മറ്റേതെങ്കിലും നിർമ്മാണത്തിന്റെയോ പണി സംബന്ധിച്ച്, വൈദഗ്ധ്യമുള്ളതോ അർദ്ധ വൈദഗ്ധ്യമുള്ളതോ, വൈദഗ്ധ്യമില്ലാത്തതോ, കായികമോ, മേൽനോട്ടം സംബന്ധിച്ചോ സാങ്കേതികമോ, ക്ലെറിക്കലോ ആയ ഏതെങ്കിലും ജോലി ചെയ്യുന്നതിന് ജോലി വ്യവസ്ഥകൾ പ്രത്യക്ഷമായാലും പരോക്ഷമായാലും, നിയോജിക്കപ്പെട്ട ആൾ എന്നർത്ഥമാകുന്നതും ; എന്നാൽ,—

(i) മുഖ്യമായും മാനേജരുടെ നിലയിലോ ഭരണകർത്താവിന്റെ നിലയിലോ നിയോജിക്കപ്പെട്ടതോ; അല്ലെങ്കിൽ

(ii) മേൽനോട്ടക്കാരനെന്ന നിലയിൽ നിയോജിക്കപ്പെട്ടിരിക്കെ പ്രതിമാസം ആയിരത്തിഅറുന്നൂറ് രൂപയിൽകൂടുതൽ കൂലി വാങ്ങുന്നതോ അല്ലെങ്കിൽ അയാളുടെ ഉദ്യോഗസ്ഥാനവുമായി ബന്ധപ്പെട്ട ചുമതലകളുടെ സ്വഭാവത്താലോ അയാളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം കാരണത്താലോ പ്രധാനമായും മാനേജരുടേതായ രീതിയിലുള്ള ജോലികൾ ചെയ്യുന്നതോ,

ആയ അങ്ങനെയുള്ള ഏതെങ്കിലും ആൾ ഉൾപ്പെടാത്തതും ആകുന്നു.

(ച) "ചീഫ് ഇൻസ്പെക്ടർ" എന്നാൽ 42-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട കെട്ടിട-നിർമ്മാണ പരിശോധനാ ചീഫ് ഇൻസ്പെക്ടർ എന്നർത്ഥമാകുന്നു ;

(ഛ) "കരാറുകാരൻ" എന്നാൽ നിർമ്മാണത്തിനുള്ള സാധനങ്ങളോ സാമഗ്രികളോ നൽകുന്നതു മാത്രമല്ലാതെ കെട്ടിടത്തൊഴിലാളികളെ നിയോജിക്കുന്നതുവഴി ഏതെങ്കിലും സ്ഥാപനത്തിന് നിശ്ചിത ഫലം ഉളവാക്കുന്നതിന് ഏറ്റെടുക്കുന്നതോ അല്ലെങ്കിൽ സ്ഥാപനത്തിന്റെ ഏതെങ്കിലും പണിക്ക് കെട്ടിടത്തൊഴിലാളികളെ നൽകുന്നതോ ആയ ഒരാൾ എന്നർത്ഥമാകുന്നതും അതിൽ ഒരു സബ് കോൺട്രാക്ടർ ഉൾപ്പെടുന്നതും ആകുന്നു;

(ജ) "ഡയറക്ടർ-ജനറൽ" എന്നാൽ 42-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം നിയമിക്കപ്പെട്ട ഡയറക്ടർ-ജനറൽ ഓഫ് ഇൻസ്പെക്ഷൻ എന്നർത്ഥമാകുന്നു;

(ഝ) "തൊഴിലുടമ" എന്നാൽ ഒരു സ്ഥാപനത്തെ സംബന്ധിച്ച് അതിന്റെ ഉടമസ്ഥൻ എന്നർത്ഥമാകുന്നതും, അതിൽ,—

(i) സർക്കാരിന്റെ ഏതെങ്കിലും വകുപ്പിന്റെ അധികാരപ്രകാരമോ അതിൻകീഴിലോ ഏതെങ്കിലും കരാറുകാരനെ കൂടാതെ നേരിട്ട് നടത്തിക്കൊണ്ടുപോകുന്ന ഒരു കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണിയെ സംബന്ധിച്ച് അതിലേക്കായി വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള അധികാരസ്ഥാനവും, അല്ലെങ്കിൽ അധികാരസ്ഥാനത്തെ വിനിർദ്ദേശിച്ചിട്ടില്ലാത്തിടത്ത്, വകുപ്പ് മേധാവിയും ;

(ii) ഒരു തദ്ദേശാധികാരസ്ഥാനത്താലോ അല്ലെങ്കിൽ അതിനുവേണ്ടിയോ അല്ലെങ്കിൽ മറ്റു സ്ഥാപനത്താലോ അല്ലെങ്കിൽ അതിനുവേണ്ടിയോ ഏതെങ്കിലും കരാറുകാരനെ കൂടാതെ നേരിട്ട് നടത്തിക്കൊണ്ടുപോകുന്ന ഒരു കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണിയെ സംബന്ധിച്ച് തദ്ദേശാധികാരസ്ഥാനത്തിന്റെയോ സ്ഥാപനത്തിന്റെയോ ചീഫ് എക്സിക്യൂട്ടീവ് ആഫീസറും;

(iii) ഒരു കരാറുകാരനാലോ കരാറുകാരൻ മുഖേനയോ അല്ലെങ്കിൽ ഒരു കരാറുകാരനാൽ നൽകപ്പെടുന്ന കെട്ടിടത്തൊഴിലാളികളെ നിയോഗിച്ചുകൊണ്ടോ നടത്തിക്കൊണ്ടുപോകുന്ന ഒരു കെട്ടിടത്തിന്റെയോ മറ്റ് നിർമ്മാണത്തിന്റെയോ പണിയെ സംബന്ധിച്ച് കരാറുകാരനും, ഉൾപ്പെടുന്നതുമാകുന്നു.

(ഞ) "സ്ഥാപനം" എന്നാൽ ഏതെങ്കിലും കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണിക്ക് കെട്ടിടത്തൊഴിലാളികളെ നിയോജിക്കുന്ന സർക്കാരിന്റെയോ, ഏതെങ്കിലും ഏകാംഗീകൃത നികായത്തിന്റെയോ, ഫേമിന്റെയോ, ഒരു വ്യക്തിയുടെയോ, സമാജത്തിന്റെയോ അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് നികായമോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതായ ഏതെങ്കിലും സ്ഥാപനം എന്നർത്ഥമാകുന്നതും ഒരു കരാറുകാരന്റെ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനം ഉൾപ്പെടുന്നതും, എന്നാൽ അയാളുടെ സ്വന്തം താമസം സംബന്ധിച്ച് ഏതെങ്കിലും നിർമ്മാണത്തിന്റെ മൊത്തം ചെലവ് പത്ത് ലക്ഷം രൂപയിൽ കവിയാത്ത കെട്ടിടം പണിക്കോ നിർമ്മാണപ്പണിക്കോ അങ്ങനെയുള്ള തൊഴിലാളികളെ നിയോജിക്കുന്ന ഒരു വ്യക്തി ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു;

(ട) "നിധി" എന്നാൽ 24-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ബോർഡ് രൂപീകരിച്ച കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധി എന്നർത്ഥമാകുന്നു;

(ഠ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഡ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ കേന്ദ്രസർക്കാരോ, സംസ്ഥാനസർക്കാരോ അതത് സംഗതിപോലെ, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഢ) "കൂലി"-ക്ക്, കൂലികൊടുക്കൽ ആക്റ്റ്, 1936 (1936-ലെ 4)-ലെ 2-ാം വകുപ്പ് (vi)-ാം ഖണ്ഡ പ്രകാരം അതിന് നൽകപ്പെട്ട അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(2) ഏതെങ്കിലും ഒരു പ്രദേശത്ത് പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും നിയമത്തെക്കുറിച്ചുള്ള ഈ ആക്റ്റിലെ ഏതെങ്കിലും പരാമർശത്തിന് ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ആ പ്രദേശത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും തൽസ്ഥാനീയ നിയമത്തെക്കുറിച്ചുള്ള ഒരു പരാമർശമായി അർത്ഥം കൽപ്പിക്കേണ്ടതാണ്.

## അദ്ധ്യായം II

## ഉപദേശക സമിതികളും വിദഗ്ദ്ധ സമിതികളും

3. ***കേന്ദ്ര ഉപദേശക സമിതി.***—(1) കേന്ദ്രസർക്കാർ, കഴിയുന്നത്ര വേഗത്തിൽ, കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ കേന്ദ്ര ഉപദേശകസമിതി എന്നു പേർ പറയാവുന്ന ഒരു സമിതി (ഇതിനു മേലിൽ കേന്ദ്ര ഉപദേശക സമിതി എന്ന് പരാമർശിക്കപ്പെടുന്നു), അതിന് റഫർ ചെയ്യുന്ന, ഈ ആക്റ്റിന്റെ പ്രശാസനത്തിൽനിന്നും ഉത്ഭവിക്കുന്ന അങ്ങനെയുള്ള കാര്യങ്ങളിൻമേൽ കേന്ദ്രസർക്കാരിന് ഉപദേശം നൽകുന്നതിനായി രൂപീകരിക്കേണ്ടതാണ്.

(2) കേന്ദ്രഉപദേശക സമിതിയിൽ,—

(ക) കേന്ദ്രസർക്കാർ നിയമിക്കേണ്ട ഒരു ചെയർപേഴ്സൺ ;

(ഖ) പാർലമെന്റിലെ മൂന്ന് അംഗങ്ങൾ, അവരിൽ ലോകസഭ തെരഞ്ഞെടുക്കുന്ന രണ്ടും രാജ്യസഭ തെരഞ്ഞെടുക്കുന്ന ഒന്നും അംഗങ്ങൾ ;

(ഗ) ഡയറക്ടർ-ജനറൽ, അംഗം, എക്സ് ഒഫിഷ്യോ ;

(ഘ) തൊഴിലുടമകളെയും, കെട്ടിടത്തൊഴിലാളികളെയും ആർക്കിടെക്റ്റുകളുടെ സംഘടനകളെയും എൻജിനീയർമാരെയും അപകട ഇൻഷ്വറൻസ് സ്ഥാപനങ്ങളെയും കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ കേന്ദ്ര ഉപദേശകസമിതിയിൽ പ്രതിനിധീകരിക്കപ്പെടേണ്ട മറ്റേതെങ്കിലും താൽപ്പര്യങ്ങളെയും പ്രതിനിധീകരിക്കുന്നതിന് കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പതിമൂന്നിൽ കവിയാത്തതും എന്നാൽ ഒമ്പതിൽ കുറയാത്തത്രയും എണ്ണം മറ്റ് അംഗങ്ങൾ,

എന്നിവർ ഉൾക്കൊള്ളുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഓരോ വിഭാഗത്തിൽനിന്നും അംഗങ്ങളായി നിയമിക്കപ്പെടേണ്ട ആളുകളുടെ എണ്ണവും, ഉദ്യോഗ കാലാവധിയും മറ്റ് സേവന വ്യവസ്ഥകളും, അവരുടെ ചുമതലകൾ നിർവഹിക്കുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമവും, കേന്ദ്ര ഉപദേശകസമിതിയിലെ അംഗങ്ങൾക്കിടയിലെ ഒഴിവുകൾ നികത്തേണ്ട രീതിയും നിർണ്ണയിക്കപ്പെടുന്നപ്രകാരമായിരിക്കേണ്ടതാണ് :

എന്നാൽ, കെട്ടിടത്തൊഴിലാളികളെ പ്രതിനിധീകരിക്കുന്നതിന് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ എണ്ണം തൊഴിലുടമകളെ പ്രതിനിധീകരിക്കുന്നതിനുവേണ്ടി നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ എണ്ണത്തേക്കാൾ കുറയാൻ പാടുള്ളതല്ല.

(4) കേന്ദ്ര ഉപദേശകസമിതിയിലെ അംഗത്തിന്റെ ഉദ്യോഗം അത് വഹിക്കുന്ന ആളെ പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലെങ്കിലും ഒരു അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ അംഗമായിരിക്കുന്നതിനോ അയോഗ്യനാക്കുന്നതല്ലെന്ന് ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.

4. ***സംസ്ഥാന ഉപദേശക സമിതി.***—(1) സംസ്ഥാനസർക്കാർ, കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ സംസ്ഥാന ഉപദേശകസമിതി എന്നു പേർ പറയാവുന്ന ഒരു സമിതി (ഇതിനുശേഷം സംസ്ഥാന ഉപദേശകസമിതി എന്ന് പരാമർശിക്കപ്പെടുന്നു) അതിന് റഫർ ചെയ്യപ്പെടുന്ന ഈ ആക്റ്റിന്റെ പ്രശാസനത്തിൽനിന്നും ഉത്ഭവിക്കുന്ന അങ്ങനെയുള്ള കാര്യങ്ങളിൻമേൽ സംസ്ഥാനസർക്കാരിന് ഉപദേശം നൽകുന്നതിനായി രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന ഉപദേശക സമിതിയിൽ,—

(ക) സംസ്ഥാനസർക്കാർ നിയമിക്കേണ്ട ഒരു ചെയർപേഴ്സൺ ;

(ഖ) സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടേണ്ട സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിലെ രണ്ട് അംഗങ്ങൾ—അംഗങ്ങൾ ;

(ഗ) കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യേണ്ട ഒരു അംഗം ;

(ഘ) ചീഫ് ഇൻസ്പെക്ടർ—അംഗം, എക്സ് ഒഫിഷ്യോ ;

(ങ) തൊഴിലുടമകളെയും കെട്ടിടത്തൊഴിലാളികളെയും, ആർക്കിടെക്റ്റുകളുടെ സംഘടനകളെയും, എഞ്ചിനീയർമാരെയും അപകട ഇൻഷ്വറൻസ് സ്ഥാപനങ്ങളെയും സംസ്ഥാനസർക്കാരിന്റെ അഭിപ്രായത്തിൽ സംസ്ഥാന ഉപദേശക സമിതിയിൽ പ്രതിനിധീകരിക്കപ്പെടേണ്ട മറ്റേതെങ്കിലും താൽപ്പര്യങ്ങളെയും പ്രതിനിധീകരിക്കുന്നതിന് സംസ്ഥാനസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പതിനൊന്നിൽ കവിയാത്ത എന്നാൽ ഏഴിൽ കുറയാത്തത്രയും എണ്ണം മറ്റ് അംഗങ്ങൾ,

എന്നിവർ ഉൾക്കൊള്ളുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് (ങ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഓരോ വിഭാഗത്തിൽനിന്നും അംഗങ്ങളായി നിയമിക്കപ്പെടേണ്ട ആളുകളുടെ എണ്ണവും ഉദ്യോഗ കാലാവധിയും മറ്റ് സേവന വ്യവസ്ഥകളും, അവരുടെ ചുമതലകൾ നിർവഹിക്കുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമവും, സംസ്ഥാന ഉപദേശക സമിതിയിലെ അംഗങ്ങൾക്കിടയിലെ ഒഴിവുകൾ നികത്തേണ്ട രീതിയും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്:

എന്നാൽ, കെട്ടിടത്തൊഴിലാളികളെ പ്രതിനിധീകരിക്കുന്നതിന് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ എണ്ണം തൊഴിലുടമകളെ പ്രതിനിധീകരിക്കുന്നതിനുവേണ്ടി നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ എണ്ണത്തേക്കാൾ കുറയാൻ പാടുള്ളതല്ല.

5. ***വിദഗ്ദ്ധ സമിതികൾ.***—(1) സമുചിതസർക്കാരിന് കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ ജോലിയിൽ പ്രത്യേക യോഗ്യതയുള്ള ആളുകൾ നടത്തുന്ന ഒന്നോ അതിലധികമോ വിദഗ്ദ്ധ സമിതികൾ ഈ ആക്റ്റിൻകീഴിലുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ആ സർക്കാരിനെ ഉപദേശിക്കുന്നതിനായി രൂപീകരിക്കാവുന്നതാണ്.

(2) വിദഗ്ദ്ധ സമിതിയിലെ അംഗങ്ങൾക്ക് സമിതിയുടെ യോഗങ്ങളിൽ ഹാജരാകുന്നതിനുവേണ്ടി നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫീസുകളും ബത്തകളും നൽകേണ്ടതാണ് :

എന്നാൽ, സർക്കാരിന്റെയോ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ അതിൻകീഴിലോ സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും ഏകാംഗീകൃത നികായത്തിന്റെയോ ഉദ്യോഗസ്ഥനായ ഒരംഗത്തിന് യാതൊരു ഫീസോ ബത്തകളോ നൽകാൻ പാടുള്ളതല്ല.

## അദ്ധ്യായം III

## സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

6. ***രജിസ്റ്ററിംഗ് ആഫീസർമാരുടെ നിയമനം.***—സമുചിതസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനപ്പെടുത്തിയ ഉത്തരവ് വഴി,—

(ക) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാരിന് യുക്തമെന്ന് തോന്നുന്ന അതിന്റെ ഗസറ്റഡ് ആഫീസർമാരായിട്ടുള്ള അങ്ങനെയുള്ള ആളുകളെ രജിസ്റ്ററിംഗ് ആഫീസർമാരായി നിയമിക്കാവുന്നതും;

(ഖ) ഈ ആക്റ്റിനാലോ അതിൻകീഴിലോ ഒരു രജിസ്റ്ററിംഗ് ആഫീസർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ ഏത് പരിധിക്കുള്ളിലാണ് അദ്ദേഹം പ്രയോഗിക്കേണ്ടതെന്ന് നിർവചിക്കാവുന്നതും,

ആകുന്നു.

7. ***സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ.***—(1) ഓരോ തൊഴിലുടമയും,—

(ക) ഈ ആക്റ്റ് അതിന്റെ പ്രാരംഭം മുതൽ ബാധകമാകുന്ന ഒരു സ്ഥാപനത്തെ സംബന്ധിച്ച്, അങ്ങനെയുള്ള പ്രാരംഭം മുതൽ അറുപതു ദിവസക്കാലയളവിനുള്ളിലും,

(ഖ) ഈ ആക്റ്റ്, അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം ഏതെങ്കിലും സമയത്ത് ബാധകമാകുന്ന മറ്റേതെങ്കിലും സ്ഥാപനത്തെ സംബന്ധിച്ച്, ഈ ആക്റ്റ് അങ്ങനെയുള്ള സ്ഥാപനത്തിന് ബാധകമായിത്തീരുന്ന തീയതി മുതൽ അറുപതു ദിവസക്കാലയളവിനുള്ളിലും,

അങ്ങനെയുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷനുവേണ്ടി രജിസ്റ്ററിംഗ് ആഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്:

എന്നാൽ, രജിസ്റ്ററിംഗ് ആഫീസർക്ക്, അങ്ങനെയുള്ള കാലയളവിനുള്ളിൽ അപേക്ഷ നൽകുന്നതിൽനിന്നും അപേക്ഷകൻ മതിയായ കാരണത്താൽ തടയപ്പെട്ടുവെന്ന് അദ്ദേഹത്തിന് ബോധ്യപ്പെടുന്നപക്ഷം, മുൻപറഞ്ഞ കാലയളവിനുശേഷവും അങ്ങനെയുള്ള ഏതൊരു അപേക്ഷയും പരിഗണിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഏതൊരപേക്ഷയും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങിയതും അങ്ങനെയുള്ള ഫീസ് സഹിതവുമായിരിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചതിനുശേഷം, രജിസ്റ്ററിംഗ് ആഫീസർ ആ സ്ഥാപനം രജിസ്റ്റർ ചെയ്യേണ്ടതും നിർണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തിനുള്ളിലും അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായും അതിന്റെ തൊഴിലുടമയ്ക്ക് ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതും ആകുന്നു.

(4) ഈ വകുപ്പു പ്രകാരം ഒരു സ്ഥാപനത്തിന്റെ രജിസ്ട്രേഷനുശേഷം അങ്ങനെയുള്ള സ്ഥാപനത്തെ സംബന്ധിച്ച് ഉടമാവകാശത്തിനോ മാനേജ്മെന്റിനോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെട്ട മറ്റു വിവരങ്ങളിലോ ഏതെങ്കിലും മാറ്റം വരുന്നിടത്ത്, അങ്ങനെയുള്ള മാറ്റം സംബന്ധിച്ച വിവരങ്ങൾ അങ്ങനെയുള്ള മാറ്റം ഉണ്ടായി മുപ്പത് ദിവസത്തിനുള്ളിൽ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിൽ തൊഴിലുടമ രജിസ്റ്ററിംഗ് ആഫീസറെ അറിയിക്കേണ്ടതാണ്.

8. ***ചില സംഗതികളിൽ രജിസ്ട്രേഷൻ പിൻവലിക്കൽ.***—രജിസ്റ്ററിംഗ് ആഫീസർക്ക്, ഏതെങ്കിലും സാരവത്തായ വസ്തുത തെറ്റിദ്ധരിപ്പിച്ചുകൊണ്ടോ മറച്ചുവച്ചുകൊണ്ടോ ആണ് ഏതെങ്കിലും സ്ഥാപനം രജിസ്ട്രേഷൻ നേടിയിട്ടുള്ളതെന്നും അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥാപനം നടത്തിക്കൊണ്ടുപോരുന്ന ഏതെങ്കിലും ജോലിയുമായി ബന്ധപ്പെട്ട് ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കുന്നില്ലെന്നും അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താൽ രജിസ്ട്രേഷൻ ഉപയോഗശൂന്യമായിത്തീരുകയോ പ്രഭാവശൂന്യമാകുകയോ ചെയ്തിട്ടുണ്ടെന്നും ആകയാൽ അത് പിൻവലിക്കേണ്ടത് ആവശ്യമുണ്ടെന്നും ഇതിൻമേലുള്ള ഒരു റഫറൻസിനാലോ അല്ലെങ്കിൽ മറ്റു വിധത്തിലോ ബോദ്ധ്യപ്പെടുന്നപക്ഷം സ്ഥാപനത്തിന്റെ തൊഴിലുടമയ്ക്ക് കേൾക്കപ്പെടുവാനുള്ള ഒരവസരം നൽകിയതിനുശേഷം, അദ്ദേഹത്തിന് രജിസ്ട്രേഷൻ പിൻവലിക്കാവുന്നതാണ്.

9. ***അപ്പീൽ.***—(1) 8-ാം വകുപ്പു പ്രകാരം പുറപ്പെടുവിച്ച ഒരു ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും അയാളെ ആ ഉത്തരവ് അറിയിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം, സമുചിതസർക്കാർ ഇതിലേയ്ക്ക് നാമനിർദ്ദേശം ചെയ്തിട്ടുള്ള അപ്പലേറ്റ് ആഫീസർക്ക് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ് :

എന്നാൽ, അപ്പലേറ്റ് ആഫീസർക്ക്, യഥാസമയം അപ്പീൽ ബോധിപ്പിക്കുന്നതിൽനിന്നും അപ്പീൽവാദി മതിയായ കാരണത്താൽ തടയപ്പെട്ടുവെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്നപക്ഷം പ്രസ്തുത മുപ്പതു ദിവസക്കാലയളവ് കഴിഞ്ഞതിനുശേഷവും അപ്പീൽ പരിഗണിക്കാവുന്നതാണ്.

(2) അപ്പലേറ്റ് ആഫീസർ, (1)-ാം ഉപവകുപ്പു പ്രകാരം ഒരു അപ്പീൽ ലഭിക്കുന്നതിൻമേൽ കഴിയുന്നത്ര സത്വരമായി, അപ്പീൽവാദിക്ക് കേൾക്കപ്പെടുവാൻ ഒരവസരം നൽകിയതിനുശേഷം പിൻവലിക്കൽ ഉത്തരവ് സ്ഥിരപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ മറിച്ചാക്കുകയോ ചെയ്യേണ്ടതാണ്.

10. ***രജിസ്റ്റർ ചെയ്യാതിരുന്നാലുള്ള ഫലം.***—ഈ ആക്റ്റ് ബാധകമാകുന്ന ഒരു സ്ഥാപനത്തിന്റെ യാതൊരു തൊഴിലുടമയും,—

(ക) 7-ാം വകുപ്പു പ്രകാരം രജിസ്റ്റർ ചെയ്യപ്പെടേണ്ടത് ആവശ്യമായിട്ടുള്ളതും എന്നാൽ ആ വകുപ്പു പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്തതുമായ ഒരു സ്ഥാപനത്തിന്റെ സംഗതിയിലും ;

(ഖ) 8-ാം വകുപ്പു പ്രകാരം രജിസ്ട്രേഷൻ പിൻവലിക്കപ്പെടുകയും അപ്രകാരമുള്ള പിൻവലിക്കൽ ഉത്തരവിനെതിരെ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള നിർണ്ണയിക്കപ്പെട്ട കാലയളവിനുള്ളിൽ 9-ാം വകുപ്പു പ്രകാരം യാതൊരപ്പീലും ബോധിപ്പിക്കാതിരിക്കുകയും അല്ലെങ്കിൽ അപ്രകാരം അപ്പീൽ ബോധിപ്പിച്ചിട്ടുള്ളിടത്ത് അങ്ങനെയുള്ള അപ്പീൽ തള്ളിക്കളയുകയും ചെയ്തിട്ടുള്ള ഒരു സ്ഥാപനത്തിന്റെ സംഗതിയിലും ;

7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള കാലാവധി കഴിഞ്ഞതിനുശേഷവും, അല്ലെങ്കിൽ 8-ാം വകുപ്പു പ്രകാരമുള്ള രജിസ്ട്രേഷൻ പിൻവലിച്ചതിനുശേഷവും അല്ലെങ്കിൽ 9-ാം വകുപ്പു പ്രകാരം ഒരു അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള കാലാവധി കഴിഞ്ഞതിനുശേഷവും അല്ലെങ്കിൽ, അതത്സംഗതിപോലെ, അപ്പീൽ തള്ളിക്കളഞ്ഞതിനുശേഷവും കെട്ടിട നിർമ്മാണത്തൊഴിലാളികളെ സ്ഥാപനത്തിൽ നിയമിക്കുവാൻ പാടുള്ളതല്ല.

## അദ്ധ്യായം IV

## ഗുണഭോക്താക്കളായി കെട്ടിടത്തൊഴിലാളികളുടെ രജിസ്ട്രേഷൻ

11. ***നിധിയുടെ ഗുണഭോക്താക്കൾ.***—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റ് പ്രകാരം ഗുണഭോക്താവായി രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു കെട്ടിടത്തൊഴിലാളിയും ബോർഡ് അതിന്റെ നിധിയിൽനിന്നും ഈ ആക്റ്റ് പ്രകാരം വ്യവസ്ഥ ചെയ്യുന്ന ആനുകൂല്യങ്ങൾക്ക് അർഹനായിരിക്കുന്നതാണ്.

12. ***ഗുണഭോക്താക്കളായി കെട്ടിടത്തൊഴിലാളികളുടെ രജിസ്ട്രേഷൻ.***—(1) പതിനെട്ട് വയസ്സ് പൂർത്തിയായിട്ടുള്ളതും എന്നാൽ അറുപത് വയസ്സ് പൂർത്തിയായിട്ടില്ലാത്തതും തൊട്ടുമുമ്പുള്ള പന്ത്രണ്ടു മാസത്തിൽ തൊണ്ണൂറ് ദിവസത്തിൽ കുറയാതെ ഏതെങ്കിലും കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണിയിൽ ഏർപ്പെടുത്തപ്പെട്ടിരുന്ന ഓരോ കെട്ടിടത്തൊഴിലാളിയും ഈ ആക്റ്റ് പ്രകാരം ഗുണഭോക്താവായുള്ള രജിസ്ട്രേഷന് അർഹനായിരിക്കുന്നതാണ്.

(2) രജിസ്ട്രേഷനുള്ള അപേക്ഷ ഇതിലേക്കായി ബോർഡ് അധികാരപ്പെടുത്തിയ ആഫീസർക്ക് നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിൽ നൽകേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പു പ്രകാരമുള്ള ഏതൊരപേക്ഷയും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള രേഖകളോടും അമ്പതു രൂപയിൽ കവിയാത്ത അങ്ങനെയുള്ള ഫീസോടുംകൂടി ആയിരിക്കേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പു പ്രകാരം ബോർഡ് അധികാരപ്പെടുത്തിയ ആഫീസർക്ക്, അപേക്ഷകൻ ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, അദ്ദേഹം കെട്ടിടത്തൊഴിലാളിയുടെ പേര് ഈ ആക്റ്റ് പ്രകാരമുള്ള ഒരു ഗുണഭോക്താവായി രജിസ്റ്റർ ചെയ്യേണ്ടതാണ്:

എന്നാൽ, രജിസ്ട്രേഷനുള്ള ഒരു അപേക്ഷ, അപേക്ഷകന് കേൾക്കപ്പെടുവാനുള്ള ഒരു അവസരം നൽകാതെ തള്ളിക്കളയാൻ പാടുള്ളതല്ല.

(5) (4)-ാം ഉപവകുപ്പു പ്രകാരമുള്ള തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങനെയുള്ള തീരുമാനത്തിന്റെ തീയതി മുതൽ മുപ്പതുദിവസത്തിനകം ബോർഡിന്റെ സെക്രട്ടറിക്കോ അല്ലെങ്കിൽ ബോർഡ് ഇതിലേക്കായി വിനിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും ആഫീസർക്കോ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതും അങ്ങനെയുള്ള അപ്പീലിൻമേൽ സെക്രട്ടറിയുടെയോ അല്ലെങ്കിൽ അങ്ങനെയുള്ള മറ്റ് ആഫീസറുടെയോ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, സെക്രട്ടറിക്കോ അല്ലെങ്കിൽ ബോർഡ് ഇതിലേക്കായി വിനിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും ആഫീസർക്കോ, അപ്പീൽ യഥാസമയം ഫയൽ ചെയ്യുന്നതിൽ നിന്നും കെട്ടിടത്തൊഴിലാളി മതിയായ കാരണത്താൽ തടയപ്പെട്ടുവെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം പ്രസ്തുത മുപ്പതു ദിവസക്കാലയളവു കഴിഞ്ഞതിനുശേഷവും അപ്പീൽ പരിഗണിക്കാവുന്നതാണ്.

(6) ബോർഡിന്റെ സെക്രട്ടറി, നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള രജിസ്റ്ററുകൾ വച്ചുപോരുന്നതിന് ഇടയാക്കേണ്ടതാണ്.

13. ***തിരിച്ചറിയൽ കാർഡുകൾ.***—(1) ബോർഡ്, ഓരോ ഗുണഭോക്താവിനും അയാളുടെ ഫോട്ടോ യഥാവിധി പതിച്ചതും അയാൾ ചെയ്ത കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണിയുടെ വിശദാംശങ്ങൾ ചേർക്കാൻ ആവശ്യത്തിന് സ്ഥലം ഉള്ളതുമായ ഒരു തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണ്.

(2) ഓരോ തൊഴിലുടമയും തിരിച്ചറിയൽ കാർഡിൽ ഗുണഭോക്താവ് ചെയ്തിട്ടുള്ള കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണിയുടെ വിശദാംശങ്ങൾ ചേർക്കേണ്ടതും ആയത് പ്രമാണീകരിക്കേണ്ടതും അത് ഗുണഭോക്താവിന് തിരിച്ചുനൽകേണ്ടതും ആകുന്നു.

(3) ഈ ആക്റ്റ് പ്രകാരം തിരിച്ചറിയൽ കാർഡ് നൽകപ്പെട്ടിട്ടുള്ള ഒരു ഗുണഭോക്താവ് സർക്കാരിന്റെയോ ബോർഡിന്റെയോ ഏതെങ്കിലും ആഫീസറോ ഏതെങ്കിലും ഇൻസ്പെക്ടറോ മറ്റ് ഏതെങ്കിലും അധികാരസ്ഥാനമോ ആവശ്യപ്പെടുമ്പോൾ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

14. ***ഗുണഭോക്താവ് അല്ലാതായിത്തീരൽ.***—(1) ഈ ആക്റ്റ് പ്രകാരം ഒരു ഗുണഭോക്താവായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു കെട്ടിടത്തൊഴിലാളി അയാൾക്ക് അറുപതു വയസ്സ് തികയുമ്പോഴോ ഒരു വർഷത്തിൽ തൊണ്ണൂറിൽ കുറയാത്ത ദിവസം അയാൾ കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണിയിൽ ഏർപ്പെടാതിരിക്കുമ്പോഴോ അങ്ങനെയുള്ള ഗുണഭോക്താവ് അല്ലാതായിത്തീരുന്നതാണ് :

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം തൊണ്ണൂറ് ദിവസക്കാലയളവ് കണക്കാക്കുന്നതിൽ കെട്ടിടത്തൊഴിലാളിക്ക് അയാളുടെ തൊഴിലിൽ നിന്നും തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോഴും ഉണ്ടായ അപകടം മൂലം സംഭവിച്ച ശാരീരികക്ഷതത്താൽ കെട്ടിടത്തിന്റെയോ മറ്റ് നിർമ്മാണത്തിന്റെയോ പണിക്ക് ഹാജരാകാതിരുന്ന ഏതൊരു കാലയളവും ഒഴിവാക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അറുപതു വയസ്സ് തികയുന്നതിന് തൊട്ടുമുമ്പ് ഏറ്റവും കുറഞ്ഞത് മൂന്നുവർഷം തുടർച്ചയായി ഒരാൾ ഗുണഭോക്താവ് ആയിരുന്നിട്ടുള്ള പക്ഷം, നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അയാൾ അർഹനായിരിക്കുന്നതാണ്.

***വിശദീകരണം.***—ഈ ഉപവകുപ്പുപ്രകാരം ഒരു ബോർഡിലെ ഗുണഭോക്താവായുള്ള മൂന്നു വർഷക്കാലയളവ് കണക്കാക്കുന്നതിന് അയാളുടെ രജിസ്ട്രേഷന് തൊട്ടുമുമ്പ് മറ്റേതെങ്കിലും ബോർഡിലെ ഗുണഭോക്താവായിരുന്നിട്ടുള്ള ഏതെങ്കിലും കാലയളവും കൂട്ടേണ്ടതാണ്.

15. ***ഗുണഭോക്താക്കളുടെ രജിസ്റ്റർ.***—ഓരോ തൊഴിലുടമയും അയാൾ ഏറ്റെടുത്തിട്ടുള്ള കെട്ടിടത്തിന്റെയോ അല്ലെങ്കിൽ മറ്റു നിർമ്മാണത്തിന്റെയോ പണിയിൽ നിയോജിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ തൊഴിലിന്റെ വിശദവിവരങ്ങൾ കാണിക്കുന്ന നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള രൂപത്തിൽ ഒരു രജിസ്റ്റർ വച്ചുപോരേണ്ടതും അത് ബോർഡിന്റെ സെക്രട്ടറിക്കോ അല്ലെങ്കിൽ ഇതിലേക്കായി ബോർഡ് യഥാവിധി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആഫീസർക്കോ മുൻകൂർ നോട്ടീസ് കൂടാതെ പരിശോധിക്കാവുന്നതും ആകുന്നു.

16. ***കെട്ടിടത്തൊഴിലാളികളുടെ അംശദായം.***—(1) ഈ ആക്റ്റ് പ്രകാരം ഒരു ഗുണഭോക്താവായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു കെട്ടിടത്തൊഴിലാളി അയാൾക്ക് അറുപതു വയസ്സ് തികയുന്നതുവരെ, സംസ്ഥാന സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, വിനിർദ്ദേശിക്കുന്ന, അങ്ങനെയുള്ള നിരക്കിൽ ഓരോ മാസവും നിധിയിലേക്ക് അംശദായം നൽകേണ്ടതും, വിവിധ വിഭാഗങ്ങളിൽപ്പെട്ട കെട്ടിടത്തൊഴിലാളികൾക്ക് വ്യത്യസ്ത നിരക്കിൽ അംശദായം വിനിർദ്ദേശിക്കാവുന്നതുമാകുന്നു:

എന്നാൽ, എന്തെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുമൂലം അംശദായം നൽകാൻ ഒരു ഗുണഭോക്താവിന് സാധിക്കുന്നില്ല എന്ന് ബോർഡിന് ബോദ്ധ്യപ്പെടുന്നപക്ഷം, അംശദായം നൽകൽ ഒരുസമയം മൂന്നുമാസത്തിൽ കവിയാത്ത കാലയളവിലേക്ക് ഒഴിവാക്കാവുന്നതാണ്.

(2) ഒരു ഗുണഭോക്താവിന്, അയാളുടെ മാസക്കൂലിയിൽ നിന്നും അംശദായം കിഴിക്കുന്നതിനും അങ്ങനെയുള്ള കിഴിക്കൽ മുതൽ പതിനഞ്ചു ദിവസത്തിനുള്ളിൽ ആയത് ബോർഡിൽ അടയ്ക്കുന്നതിനും തൊഴിലുടമയെ അധികാരപ്പെടുത്താവുന്നതാണ്.

17. ***അംശദായം അടയ്ക്കാതിരുന്നാലുള്ള ഫലം.***—16-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരമുള്ള അയാളുടെ അംശദായം തുടർച്ചയായി ഒരു വർഷത്തിൽ കുറയാത്ത കാലത്തേക്ക് ഗുണഭോക്താവ് അടയ്ക്കാതിരുന്നാൽ, അയാൾ ഗുണഭോക്താവ് അല്ലാതായിത്തീരുന്നതാണ് :

എന്നാൽ, അംശദായം അടയ്ക്കാതിരുന്നത് ന്യായമായ കാരണം കൊണ്ടാണെന്നും കുടിശ്ശിക കെട്ടിവയ്ക്കാൻ കെട്ടിടത്തൊഴിലാളി തയ്യാറാണെന്നും ബോർഡിന്റെ സെക്രട്ടറിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം, അദ്ദേഹത്തിന് അംശദായ കുടിശ്ശിക കെട്ടിവയ്ക്കാൻ കെട്ടിടത്തൊഴിലാളിയെ അനുവദിക്കാവുന്നതും അങ്ങനെ കെട്ടിവയ്ക്കുന്നതിന്മേൽ കെട്ടിടത്തൊഴിലാളിയുടെ രജിസ്ട്രേഷൻ പുനഃസ്ഥാപിക്കപ്പെട്ടതായിത്തീരുന്നതും ആകുന്നു.

## അദ്ധ്യായം V

## കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമ ബോർഡുകൾ

18. ***സംസ്ഥാനക്ഷേമ ബോർഡുകളുടെ രൂപീകരണം.***—(1) ഓരോ സംസ്ഥാനസർക്കാരും, വിജ്ഞാപനം വഴി, അത് നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതി മുതൽ, ഈ ആക്റ്റ് പ്രകാരം അതിന് നൽകപ്പെട്ട അധികാരങ്ങൾ പ്രയോഗിക്കുന്നതിനും അതിനു ഏല്പിച്ചുകൊടുത്ത കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനും........ (സംസ്ഥാനത്തിന്റെ പേര്) കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമ ബോർഡ് എന്നറിയപ്പെടുന്ന ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ബോർഡ്, മുൻപറഞ്ഞ പേരോടുകൂടിയ ഒരു ഏകാംഗീകൃതനികായമായിരിക്കുന്നതും ശാശ്വതമായ പിൻതുടർച്ചാവകാശമുള്ളതും, പൊതുമുദ്രയോടുകൂടിയതും പ്രസ്തുത പേരിൽ വ്യവഹരിക്കുന്നതും വ്യവഹരിക്കപ്പെടുന്നതും ആകുന്നു.

(3) ബോർഡിൽ കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ചെയർപേഴ്സണും, സംസ്ഥാനസർക്കാർ അതിലേക്ക് നിയമിക്കുന്ന പതിനഞ്ചിൽ കവിയാത്ത അങ്ങനെയുള്ള അത്രയും എണ്ണം മറ്റു അംഗങ്ങളും അടങ്ങിയിരിക്കേണ്ടതാണ്:

എന്നാൽ, ബോർഡിൽ സംസ്ഥാനസർക്കാരിനെയും തൊഴിലുടമകളെയും കെട്ടിടത്തൊഴിലാളികളെയും പ്രതിനിധീകരിക്കുന്ന തുല്യമായ എണ്ണം അംഗങ്ങൾ ഉൾപ്പെടേണ്ടതും ബോർഡിലെ ഒരംഗമെങ്കിലും വനിത ആയിരിക്കേണ്ടതും ആകുന്നു.

(4) ബോർഡിന്റെ ചെയർപേഴ്സൺന്റെയും മറ്റു അംഗങ്ങളുടെയും നിയമനത്തിന്റെ നിബന്ധനകളും ഉപാധികളും നൽകേണ്ട ശമ്പളവും മറ്റു ബത്തകളും ബോർഡിലെ അംഗങ്ങളുടെ ആകസ്മിക ഒഴിവുകൾ നികത്തേണ്ട രീതിയും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള പ്രകാരം ആയിരിക്കേണ്ടതാണ്.

19. ***ബോർഡുകളുടെ സെക്രട്ടറിയും മറ്റു ആഫീസർമാരും.***—(1) ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് ഒരു സെക്രട്ടറിയെയും അതിന് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള മറ്റ് ആഫീസർമാരെയും ജീവനക്കാരെയും നിയമിക്കേണ്ടതാണ്.

(2) ബോർഡിന്റെ സെക്രട്ടറി അതിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കുന്നതാണ്.

(3) ബോർഡിന്റെ സെക്രട്ടറിയുടെയും മറ്റ് ആഫീസർമാരുടെയും ജീവനക്കാരുടെയും നിയമനത്തിന്റെ നിബന്ധനകളും ഉപാധികളും നൽകേണ്ട ശമ്പളവും തസ്തികകളും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള പ്രകാരം ആയിരിക്കേണ്ടതാണ്.

20. ***ബോർഡുകളുടെ യോഗങ്ങൾ.***—(1) നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും ബോർഡ് യോഗം ചേരേണ്ടതും അതിന്റെ യോഗങ്ങളിലെ കാര്യങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ച് അങ്ങനെയുള്ള യോഗങ്ങളുടെ (കോറം ഉൾപ്പെടെ) നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള നടപടിച്ചട്ടങ്ങൾ പാലിക്കേണ്ടതുമാണ്.

(2) ചെയർപേഴ്സനോ അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ അദ്ദേഹത്തിന് ബോർഡിന്റെ ഒരു യോഗത്തിൽ ഹാജരാകാൻ സാധിക്കാത്തപക്ഷം ചെയർപേഴ്സൺ ഇതിലേക്കായി നാമനിർദ്ദേശം ചെയ്യുന്ന ഏതെങ്കിലും അംഗമോ അങ്ങനെയുള്ള നാമനിർദ്ദേശത്തിന്റെ അഭാവത്തിൽ, യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവർക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന മറ്റേതെങ്കിലും അംഗമോ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) ബോർഡിന്റെ ഏതെങ്കിലും യോഗത്തിനു മുമ്പാകെ വരുന്ന എല്ലാ പ്രശ്നങ്ങളും, യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടിനാൽ തീരുമാനിക്കേണ്ടതും, വോട്ടുകൾ തുല്യമായി വരുന്ന സംഗതിയിൽ, ചെയർപേഴ്സനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ, ആദ്ധ്യക്ഷ്യം വഹിക്കുന്ന ആളിനോ ഒരു രണ്ടാം വോട്ടോ അല്ലെങ്കിൽ ഒരു നിർണ്ണായക വോട്ടോ ഉണ്ടായിരിക്കുന്നതാണ്.

21. ***ഒഴിവുകൾ മുതലായവ ബോർഡുകളുടെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.***—ഒരു ബോർഡിന്റെ യാതൊരു പ്രവൃത്തിയും നടപടികളും—

(ക) ബോർഡിലെ ഏതെങ്കിലും ഒഴിവോ, അതിന്റെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയോ; അല്ലെങ്കിൽ

(ഖ) ബോർഡിൽ ഒരു അംഗമായി പ്രവർത്തിക്കുന്ന ഒരാളുടെ നിയമനത്തിലുള്ള ഏതെങ്കിലും ന്യൂനതയോ ; അല്ലെങ്കിൽ

(ഗ) കാര്യത്തിന്റെ ഗുണഗണങ്ങളെ ബാധിക്കാത്തതായ ബോർഡിന്റെ നടപടിക്രമത്തിലെ ഏതെങ്കിലും ക്രമക്കേടോ,

കൊണ്ടുമാത്രം അസാധുവാകുന്നതല്ല.

22. ***ബോർഡുകളുടെ ചുമതലകൾ.***—(1) ബോർഡിന്,—

(ക) അപകടമുണ്ടായാൽ ഗുണഭോക്താവിന് അടിയന്തിര സഹായം നൽകുകയും ;

(ഖ) അറുപത് വയസ്സ് പൂർത്തിയായിട്ടുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുകയും ;

(ഗ) ഗുണഭോക്താവിന് ഒരു വീട് നിർമ്മിക്കുന്നതിന് നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള തുകയിൽ കവിയാത്ത വായ്പകളും മുൻകൂറുകളും അങ്ങനെയുള്ള നിബന്ധനകളിന്മേലും ഉപാധികളിന്മേലും അനുവദിക്കുകയും ;

(ഘ) ഗുണഭോക്താക്കളുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിന്റെ പ്രീമിയവുമായി ബന്ധപ്പെട്ട് അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള തുക നൽകുകയും ;

(ങ) ഗുണഭോക്താക്കളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള സാമ്പത്തിക സഹായം നൽകുകയും ;

(ച) ഒരു ഗുണഭോക്താവിന്റെയോ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ആശ്രിതന്റെയോ ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സയുടെ അങ്ങനെയുള്ള ചെലവുകൾ വഹിക്കുകയും ;

(ഛ) വനിതാ ഗുണഭോക്താക്കൾക്ക് പ്രസവാനുകൂല്യം നൽകുകയും ;

(ജ) നിർണ്ണയിക്കപ്പെടുന്ന പ്രകാരം അങ്ങനെയുള്ള മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്കും സൗകര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥകൾ ഉണ്ടാക്കുകയും അവ മെച്ചപ്പെടുത്തുകയും,

ചെയ്യാവുന്നതാണ്.

(2) ബോർഡിന്, ഏതെങ്കിലും സ്ഥാപനത്തിലെ കെട്ടിടത്തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട ആവശ്യത്തിനുവേണ്ടി സംസ്ഥാനസർക്കാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും പദ്ധതിയുടെ സഹായമായി .ഒരു തദ്ദേശാധികാരസ്ഥാനത്തിനോ ഒരു തൊഴിലുടമയ്ക്കോ വായ്പയോ സബ്സിഡിയോ നൽകാവുന്നതാണ് ;

(3) ബോർഡിന്, കെട്ടിടത്തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഗുണത്തിനുവേണ്ടി ബോർഡിന് തൃപ്തികരമായ വിധത്തിൽ ബോർഡ് വിനിർദ്ദേശിച്ച നിലവാരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്ന ഒരു തദ്ദേശാധികാരസ്ഥാനത്തിനോ ഒരു തൊഴിലുടമയ്ക്കോ വർഷംതോറും സഹായക ഗ്രാന്റുകൾ നൽകാവുന്നതാണ്, എന്നാലും ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിനോ അല്ലെങ്കിൽ തൊഴിലുടമയ്ക്കോ സഹായകഗ്രാന്റായി നൽകുന്ന തുക—

(ക) സംസ്ഥാനസർക്കാരോ അല്ലെങ്കിൽ ഇതിലേക്കായി അത് വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ആളോ നിശ്ചയിക്കുന്ന പ്രകാരമുള്ള ക്ഷേമപ്രവർത്തനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിൽ ചെലവാക്കിയ തുക, അല്ലെങ്കിൽ;

(ഖ) നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള തുക, ഇവയിൽ ഏതാണോ കുറവ് അതിൽ കവിയാൻ പാടുള്ളതല്ല:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ക്ഷേമപ്രവർത്തനങ്ങളും സൗകര്യങ്ങളും സംബന്ധിച്ച് മുൻപറഞ്ഞ പ്രകാരം നിശ്ചയിച്ച അതിൻമേൽ ചെലവാക്കിയ തുക ഇതിലേക്കായി നിർണ്ണയിക്കപ്പെട്ട തുകയേക്കാൾ കുറവായിട്ടുള്ളിടത്ത് യാതൊരു സഹായകഗ്രാന്റുകളും നൽകുവാൻ പാടുള്ളതല്ല.

23. ***കേന്ദ്രസർക്കാരിനാലുള്ള സഹായധനങ്ങളും വായ്പകളും.***—കേന്ദ്രസർക്കാരിന്, ഇതിലേക്കായി നിയമംവഴി പാർലമെന്റ് യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം, സർക്കാർ ആവശ്യമെന്ന് കരുതുന്ന സഹായധനങ്ങളുടെയും വായ്പകളുടെയും അങ്ങനെയുള്ള തുക ഒരു ബോർഡിന് നൽകാവുന്നതാണ്.

24. ***കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധിയും അതിന്റെ വിനിയോഗവും.***—(1) ഒരു ബോർഡ് കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധി എന്ന് പേർ പറയാവുന്ന ഒരു നിധി രൂപീകരിക്കേണ്ടതും, അതിൽ:—

(ക) 23-ാം വകുപ്പുപ്രകാരം കേന്ദ്രസർക്കാർ ബോർഡിന് നൽകുന്ന ഏതൊരു ഗ്രാന്ററുകളും വായ്പകളും;

(ഖ) ഗുണഭോക്താക്കൾ നൽകുന്ന എല്ലാ അംശദായങ്ങളും ;

(ഗ) കേന്ദ്രസർക്കാർ തീരുമാനിക്കുന്ന അങ്ങനെയുള്ള മറ്റ് മാർഗ്ഗങ്ങളിൽ നിന്നും ബോർഡിന് ലഭിക്കുന്ന എല്ലാ തുകകളും,

വരവ് ചെയ്യേണ്ടതാണ്.

(2) നിധി—

(ക) 22-ാം വകുപ്പുപ്രകാരം ബോർഡിന് അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിനുള്ള ചെലവുകളും ;

(ഖ) ബോർഡിലെ അംഗങ്ങളുടെയും ആഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് പ്രതിഫലവും ;

(ഗ) ഈ ആക്റ്റിനാൽ പ്രാധികാരപ്പെടുത്തിയ ലക്ഷ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടിയുള്ള ചെലവുകളും,

വഹിക്കുന്നതിന് വിനിയോഗിക്കേണ്ടതാണ്.

(3) യാതൊരു ബോർഡും ഏതെങ്കിലും സാമ്പത്തിക വർഷത്തിൽ അതിന്റെ അംഗങ്ങളുടെയും ആഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് പ്രതിഫലവും സംബന്ധിച്ച് മറ്റ് ഭരണച്ചെലവുകൾ, വഹിക്കുന്നതിനുവേണ്ടിയും ആ സാമ്പത്തിക വർഷത്തെ അതിന്റെ മൊത്തം ചെലവുകളുടെ അഞ്ചു ശതമാനത്തിൽ കൂടുതൽ ചെലവ് വരുത്തിവയ്ക്കാൻ പാടുള്ളതല്ല.

25. ***ബജറ്റ്.***—ബോർഡ്, ഓരോ സാമ്പത്തിക വർഷത്തിലും ബോർഡിന്റെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള അടങ്കൽ വരവുകളും ചെലവുകളും കാണിക്കുന്ന ബജറ്റ് നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തും തയ്യാറാക്കേണ്ടതും ആയത് സംസ്ഥാന സർക്കാരിനും കേന്ദ്രസർക്കാരിനും അയച്ചുകൊടുക്കേണ്ടതുമാണ്.

26. ***വാർഷിക റിപ്പോർട്ട്.***—ബോർഡ്, ഓരോ സാമ്പത്തിക വർഷവും മുൻ സാമ്പത്തിക വർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ ഒരു പൂർണ്ണ വിവരണം നൽകുന്ന അതിന്റെ വാർഷിക റിപ്പോർട്ട് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും അങ്ങനെയുള്ള സമയത്തും തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് സംസ്ഥാനസർക്കാരിനും കേന്ദ്രസർക്കാരിനും സമർപ്പിക്കേണ്ടതുമാണ്.

27. ***കണക്കുകളും ആഡിറ്റും.***—(1) ബോർഡ്, ശരിയായ കണക്കുകളും പ്രസക്തമായ മറ്റ് റിക്കാർഡുകളും വച്ച് പോരേണ്ടതും ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലുമായി ആലോചിച്ച് നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനോ ഈ ആക്റ്റ് പ്രകാരം ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച് അദ്ദേഹം നിയമിക്കുന്ന മറ്റേതെങ്കിലും ആളിനോ ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് സർക്കാർ കണക്കുകളുടെ ആഡിറ്റ് സംബന്ധിച്ച് ഉള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ചും ബുക്കുകളും കണക്കുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് പ്രമാണങ്ങളും രേഖകളും ഹാജരാക്കുവാൻ ആവശ്യപ്പെടുന്നതിനും ഈ ആക്റ്റ് പ്രകാരം ബോർഡിന്റെ ഏതൊരു ആഫീസും പരിശോധിക്കുന്നതിനും ഉള്ള അധികാരം ഉണ്ടായിരിക്കുന്നതും ആണ്.

(3) ബോർഡിന്റെ കണക്കുകൾ വർഷംതോറും ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറൽ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ചുണ്ടാകുന്ന ഏതൊരു ചെലവും ബോർഡ് ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് നൽകേണ്ടതുമാണ്.

(4) ബോർഡ്, നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള തീയതിക്ക് മുമ്പ് ആഡിറ്റ് ചെയ്ത കണക്കുകളുടെ പകർപ്പ് ആഡിറ്ററുടെ റിപ്പോർട്ട് സഹിതം സംസ്ഥാനസർക്കാരിന് നൽകേണ്ടതാണ്.

(5) സംസ്ഥാനസർക്കാർ, വാർഷിക റിപ്പോർട്ടും ആഡിറ്ററുടെ റിപ്പോർട്ടും അവ ലഭിച്ചതിനു ശേഷം കഴിയുന്നത്ര വേഗത്തിൽ സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന്റെ മുമ്പാകെ വയ്പിക്കേണ്ടതാണ്.

## അദ്ധ്യായം VI

## കെട്ടിടത്തൊഴിലാളികളുടെ പ്രവൃത്തി മണിക്കൂറുകളും ക്ഷേമ പ്രവർത്തനങ്ങളും മറ്റു സേവന വ്യവസ്ഥകളും

28. ***സാധാരണ പ്രവൃത്തി ദിവസത്തിനുള്ള മണിക്കൂറുകൾ നിജപ്പെടുത്തൽ മുതലായവ.***—(1) സമുചിത സർക്കാരിന്, ചട്ടങ്ങൾ വഴി,—

(ക) ഒരു കെട്ടിടത്തൊഴിലാളിയുടെ ഒരു സാധാരണ പ്രവൃത്തി ദിവസം ആകുന്നതിന്, വിനിർദ്ദേശിച്ചിട്ടുള്ള ഒന്നോ അതിലധികമോ ഇടവേളകൾ ഉൾപ്പെടെ ജോലി ചെയ്യേണ്ട മണിക്കൂറുകളുടെ എണ്ണം നിജപ്പെടുത്താവുന്നതും ;

(ഖ) എല്ലാ കെട്ടിടത്തൊഴിലാളികൾക്കും ഓരോ ഏഴുദിവസക്കാലത്തിനും അനുവദിക്കേണ്ട ഒരു വിശ്രമദിവസത്തിനും അങ്ങനെയുള്ള വിശ്രമ ദിവസങ്ങൾ സംബന്ധിച്ച പ്രതിഫലം നൽകുന്നതിനും വ്യവസ്ഥ ചെയ്യാവുന്നതും;

(ഗ) ഒരു വിശ്രമദിവസത്തെ ജോലിക്ക് 29-ാം വകുപ്പ് വിനിർദ്ദേശിക്കുന്ന ഓവർടൈം നിരക്കിൽ കുറയാത്ത നിരക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതും,

ആകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെട്ട കെട്ടിടത്തൊഴിലാളികളെ സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള പരിധിവരെയും അങ്ങനെയുള്ള നിബന്ധനകൾക്കും വിധേയമായി മാത്രം ബാധകമാകുന്നതാണ്, അതായത്:—

(ക) അടിയന്തിര ജോലിയിലോ, മുൻകൂട്ടി കാണാനോ തടയാനോ കഴിയാത്ത ഏതെങ്കിലും അടിയന്തിര ഘട്ടത്തിലോ ഏർപ്പെട്ടിട്ടുള്ള ആളുകൾ ;

(ഖ) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള സാധാരണ പ്രവൃത്തി മണിക്കൂറുകൾക്ക് പുറമെ ആവശ്യമായി നടത്തിക്കൊണ്ടുപോകേണ്ട പ്രാരംഭികമോ പൂരകമോ ആയ പ്രകൃതത്തിലുള്ള ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾ ;

(ഗ) സാങ്കേതിക കാരണങ്ങളാൽ ആ ദിവസം കഴിയുന്നതിനുമുമ്പുതന്നെ പൂർത്തിയാക്കേണ്ടതായ ഏതെങ്കിലും ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾ ;

(ഘ) പ്രകൃതി ശക്തികളുടെ ക്രമരഹിതമായ പ്രവർത്തനത്തെ ആശ്രയിക്കുന്ന ചില സമയങ്ങളിലൊഴികെ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത ഒരു ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾ.

29. ***ഓവർടൈം പണിക്കുള്ള കൂലി.***—(1) കെട്ടിടത്തൊഴിലാളിയെ ഏതെങ്കിലും ദിവസം സാധാരണ പ്രവൃത്തി ദിവസം ആകുന്നതിനുള്ള മണിക്കൂറുകളുടെ എണ്ണത്തിൽ കവിഞ്ഞ് ഏതെങ്കിലും പണി ചെയ്യാൻ ആവശ്യപ്പെടുന്നിടത്ത്, അയാളുടെ സാധാരണ കൂലിയുടെ നിരക്കിന്റെ ഇരട്ടി നിരക്കിലുള്ള കൂലിക്ക് അയാൾ അർഹനായിരിക്കുന്നതാണ്.

(2) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "സാധാരണ കൂലി നിരക്ക്" എന്നാൽ തത്സമയം തൊഴിലാളിക്ക് അർഹതപ്പെട്ട അടിസ്ഥാന കൂലിയും അങ്ങനെയുള്ള ബത്തകളും എന്നർത്ഥമാകുന്നതും എന്നാൽ ഏതെങ്കിലും ബോണസ് ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

30. ***രജിസ്റ്ററുകളും റിക്കാർഡുകളും വച്ചുപോരൽ.***—(1) ഓരോ തൊഴിലുടമയും അയാൾ നിയോജിക്കുന്ന കെട്ടിടത്തൊഴിലാളികളുടെയും അവർ ചെയ്യുന്ന പണിയുടെയും അവർക്ക് ഒരു സാധാരണ പ്രവൃത്തി ദിവസം ആകുന്നതിന് പണി ചെയ്യേണ്ട മണിക്കൂറുകളുടെ എണ്ണവും അവർക്ക് അനുവദിക്കേണ്ട ഓരോ ഏഴു ദിവസക്കാലത്തേക്കുമുള്ള ഒരു വിശ്രമ ദിവസവും, അവർക്ക് കൊടുക്കുന്ന കൂലിയുടെയും അവർ നൽകുന്ന രസീതുകളുടെയും അങ്ങനെയുള്ള മറ്റു സംഗതികളുടെയും വിവരങ്ങൾ നൽകുന്ന രജിസ്റ്ററുകളും റിക്കോർഡുകളും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള ഫാറത്തിൽ വച്ചുപോരേണ്ടതാണ്.

(2) ഓരോ തൊഴിലുടമയും നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ നിർണ്ണയിക്കപ്പെട്ട വിവരങ്ങൾ അടങ്ങുന്ന നോട്ടീസുകൾ അങ്ങനെയുള്ള തൊഴിലാളികളെ നിയോജിക്കുന്ന സ്ഥലത്തും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള രീതിയിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

(3) സമുചിതസർക്കാരിന് ചട്ടങ്ങൾ വഴി, ഒരു സ്ഥാപനത്തിൽ നിയോജിക്കുന്ന കെട്ടിടത്തൊഴിലാളികൾക്ക് കൂലി ബുക്കുകളോ കൂലി സ്ലിപ്പുകളോ നൽകുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതും തൊഴിലുടമയോ അയാളുടെ ഏജന്റോ അങ്ങനെയുള്ള കൂലി ബുക്കുകളിലോ കൂലി സ്ലിപ്പുകളിലോ ഉൾക്കുറിപ്പുകൾ ചേർക്കുകയും പ്രമാണീകരിക്കുകയും ചെയ്യേണ്ട രീതി നിർണ്ണയിക്കുകയും ചെയ്യാവുന്നതുമാണ്.

31. ***ചില ആളുകളെ ചില കെട്ടിട-മറ്റു നിർമ്മാണപ്പണിയിൽ നിയോജിക്കുന്നതിന് വിലക്ക്.***—ബധിരനാണെന്നോ കാഴ്ചക്കുറവുള്ള ആളാണെന്നോ തലചുറ്റൽ ഉണ്ടാകുന്ന പ്രവണതയുള്ള ആളാണെന്നോ തൊഴിലുടമയ്ക്കറിയാവുന്നതോ വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ യാതൊരാളെയും കെട്ടിടത്തൊഴിലാളിക്കുതന്നെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആൾക്കോ ഏതെങ്കിലും അപകടം ഉണ്ടാകാൻ സാധ്യതയുള്ള കെട്ടിടത്തിന്റെ അങ്ങനെയുള്ള ഏതെങ്കിലും പ്രവർത്തനത്തിലോ അല്ലെങ്കിൽ മറ്റുനിർമ്മാണപ്പണിയിലോ ഏർപ്പെടാൻ ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

32. ***കുടിവെള്ളം.***—(1) തൊഴിലുടമ, കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഏതൊരു സ്ഥലത്തും അതിൽ നിയോജിക്കപ്പെടുന്ന എല്ലാ തൊഴിലാളികൾക്കും സൗകര്യമായവിധം സ്ഥിതിചെയ്യുന്ന അനുയോജ്യമായ സ്ഥാനങ്ങളിൽ ശുദ്ധമായ കുടിവെള്ളം മതിയായിടത്തോളം നൽകാൻ വ്യവസ്ഥ ചെയ്യുകയും അത് നിലനിറുത്തുകയും ചെയ്യാൻ ഫലപ്രദമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

(2) അങ്ങനെയുള്ള എല്ലാ സ്ഥാനങ്ങളും അങ്ങനെയുള്ള സ്ഥലത്ത് നിയോജിക്കപ്പെടുന്ന ഭൂരിപക്ഷം ആളുകൾക്ക് മനസ്സിലാകുന്ന ഭാഷയിൽ "കുടിവെള്ളം" എന്ന് വ്യക്തമായി അടയാളപ്പെടുത്തേണ്ടതും അങ്ങനെയുള്ള ഏതൊരു സ്ഥാനവും കഴുകാനുള്ള ഏതെങ്കിലും സ്ഥലത്തിന്റെയോ മൂത്രപ്പുരയുടെയോ കക്കൂസിന്റെയോ ആറു മീറ്ററിനുള്ളിലായി സ്ഥിതി ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

33. ***കക്കൂസുകളും മൂത്രപ്പുരകളും***—കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി നടത്തുന്ന ഓരോ സ്ഥലത്തും തൊഴിലുടമ, നിർണ്ണയിക്കപ്പെടുന്ന മാതൃകയിലുള്ള വേണ്ടത്ര കക്കൂസ്-മൂത്രപ്പുര സൗകര്യം ഏർപ്പെടുത്തേണ്ടതും അവ കെട്ടിടത്തൊഴിലാളികൾക്ക് അവർ അങ്ങനെയുള്ള സ്ഥലത്തായിരിക്കുമ്പോൾ എല്ലാ സമയത്തും പ്രാപ്യമാകുന്നതിന് സൗകര്യമായവിധം സ്ഥിതി ചെയ്യേണ്ടതും ആകുന്നു:

എന്നാൽ അമ്പതിൽ താഴെ ആളുകളെ പണിക്ക് നിയോജിക്കപ്പെടുന്നിടത്തോ കക്കൂസുകൾ അഴുക്കുചാൽ സംവിധാനവുമായി ബന്ധിപ്പിച്ചിട്ടുള്ളിടത്തോ പ്രത്യേകം മൂത്രപ്പുരകളുടെ ആവശ്യമുണ്ടായിരിക്കുന്നതല്ല.

34. ***താമസസൗകര്യം***—തൊഴിലുടമ, അയാൾ നിയോജിക്കുന്ന എല്ലാ കെട്ടിടത്തൊഴിലാളികൾക്കും കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്ന അങ്ങനെയുള്ള കാലത്തേക്ക് പണി നടക്കുന്ന പരിസരത്തിനുള്ളിലോ കഴിയുന്നത്ര അതിനോടടുത്തോ താത്കാലിക താമസസൗകര്യം സൗജന്യമായി നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം നൽകുന്ന താത്കാലിക താമസസൗകര്യത്തിൽ പ്രത്യേക പാചകസ്ഥലവും കുളിക്കുന്നതിനും, കഴുകുന്നതിനും, മല-മൂത്ര വിസർജ്ജനത്തിനും ഉള്ള സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

(3) തൊഴിലുടമ, കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി പൂർത്തിയായി കഴിഞ്ഞ ശേഷം ആകുന്നത്ര വേഗത്തിൽ, (1)-ാം ഉപവകുപ്പിൽ ആവശ്യപ്പെടുന്ന പ്രകാരം കെട്ടിടത്തൊഴിലാളികൾക്കുള്ള താമസസൗകര്യമോ പാചകസ്ഥലമോ മറ്റു സൗകര്യങ്ങളോ നൽകുന്നതിനായി നിർമ്മിക്കുന്ന താത്കാലിക എടുപ്പുകൾ അയാളുടെ സ്വന്തം ചെലവിൽ നീക്കം ചെയ്യിക്കുകയോ പൊളിച്ചുകളയിക്കുകയോ ചെയ്യേണ്ടതും തറ നല്ല നിരപ്പായും വൃത്തിയായ നിലയിലും പൂർവ്വ സ്ഥിതിയിലെത്തിക്കേണ്ടതും ആകുന്നു.

(4) ഒരു തൊഴിലുടമയ്ക്ക്, ഒരു മുനിസിപ്പൽ ബോർഡോ മറ്റേതെങ്കിലും തദ്ദേശാധികാരസ്ഥാനമോ ഈ വകുപ്പു പ്രകാരം കെട്ടിടത്തൊഴിലാളികൾക്ക് താത്കാലിക താമസസൗകര്യം നൽകുന്ന ആവശ്യത്തിലേക്കായി ഏതെങ്കിലും ഭൂമി നൽകുന്ന സംഗതിയിൽ അയാൾ നിർമ്മാണജോലി പൂർത്തിയായി കഴിഞ്ഞശേഷം, ആകുന്നത്ര വേഗത്തിൽ അങ്ങനെയുള്ള ഭൂമിയുടെ കൈവശം അയാൾ ഏതു അവസ്ഥയിലാണോ സ്വീകരിച്ചത് അതേ അവസ്ഥയിൽ തിരിച്ചു നൽകേണ്ടതാണ്.

35. ***ശിശുശാലകൾ***—(1) അമ്പതിലധികം സ്ത്രീ കെട്ടിടത്തൊഴിലാളികൾ സാധാരണയായി നിയോജിക്കപ്പെടുന്ന ഏതൊരു സ്ഥലത്തും അങ്ങനെയുള്ള സ്ത്രീത്തൊഴിലാളികളുടെ ആറു വയസ്സിൽ താഴെയുള്ള കുട്ടികളുടെ ഉപയോഗത്തിനായി അനുയോജ്യമായ മുറിയോ മുറികളോ ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള മുറികൾ,—

(ക) പര്യാപ്തമായ സ്ഥലസൗകര്യം നൽകുന്നതും;

(ഖ) പര്യാപ്തമായ വിധം വെളിച്ചവും വായു സഞ്ചാരവും ഉള്ളതായിരിക്കേണ്ടതും;

(ഗ) വൃത്തിയായും ശുചിയായും ഉള്ള നിലയിൽ സൂക്ഷിക്കേണ്ടതും;

(ഘ) കുട്ടികളുടെയും ശിശുക്കളുടെയും പരിരക്ഷണത്തിൽ പരിശീലിപ്പിക്കപ്പെട്ടിട്ടുള്ള സ്ത്രീകളുടെ ചുമതലയിൽ ആയിരിക്കേണ്ടതും,

ആകുന്നു.

36. ***പ്രഥമശുശ്രൂഷ***—ഓരോ തൊഴിലുടമയും, കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി നടക്കുന്ന എല്ലാ സ്ഥലങ്ങളിലും നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള പ്രഥമ ശുശ്രൂഷാ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

37. ***കാന്റീനുകൾ, മുതലായവ***—സമുചിതസർക്കാരിന്, ചട്ടങ്ങൾ വഴി—

(ക) ഇരുനൂറ്റിഅമ്പതിൽ കുറയാതെ കെട്ടിട തൊഴിലാളികളെ പണിക്ക് സാധാരണയായി നിയോജിക്കുന്ന ഓരോ സ്ഥലത്തും തൊഴിലാളികളുടെ ഉപയോഗത്തിനായി ഒരു കാന്റീൻ ഏർപ്പെടുത്തുന്നതിനും നിലനിറുത്തുന്നതിനും;

(ഖ) കെട്ടിടത്തൊഴിലാളികളുടെ ഗുണത്തിനായി നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള മറ്റു ക്ഷേമ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിനും,

തൊഴിലുടമയോട് ആവശ്യപ്പെടാവുന്നതാണ്.

## അദ്ധ്യായം VII

## സുരക്ഷിതത്വ-ആരോഗ്യ നടപടികൾ

38. ***സുരക്ഷിതത്വ സമിതിയും സുരക്ഷിതത്വ ആഫീസർമാരും***—(1) അഞ്ഞൂറോ അതിലധികമോ കെട്ടിടത്തൊഴിലാളികളെ സാധാരണയായി നിയോജിച്ചിട്ടുള്ള ഓരോ സ്ഥാപനത്തിലും തൊഴിലുടമ, സംസ്ഥാനസർക്കാർ നിർണ്ണയിക്കുന്ന അത്രയും എണ്ണം തൊഴിലുടമയുടെയും കെട്ടിടത്തൊഴിലാളികളുടെയും പ്രതിനിധികൾ അടങ്ങുന്ന ഒരു സുരക്ഷിതത്വ സമിതി രൂപീകരിക്കേണ്ടതാണ് :

എന്നാൽ, തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന ആളുകളുടെ എണ്ണം, യാതൊരു സംഗതിയിലും തൊഴിലുടമയെ പ്രതിനിധീകരിക്കുന്ന ആളുകളുടെ എണ്ണത്തിൽ കുറയാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഓരോ സ്ഥാപനത്തിലും തൊഴിലുടമ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള യോഗ്യതയുള്ളതും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവഹിക്കുന്നതുമായ ഒരു സുരക്ഷിതത്വ ആഫീസറെ കൂടി നിയമിക്കേണ്ടതാണ്.

39. ***ചില അപകടങ്ങൾ സംബന്ധിച്ച നോട്ടീസ്.***—(1) ഏതെങ്കിലും സ്ഥാപനത്തിൽ മരണം സംഭവിക്കുന്നതോ അല്ലെങ്കിൽ ശാരീരിക ക്ഷതം ഏൽക്കുന്ന ആളെ അപകടത്തെ തുടർന്നുള്ള നാൽപത്തിയെട്ട് മണിക്കൂറോ അതിൽ അധികമോ മണിക്കൂറുകൾ പ്രവൃത്തി ചെയ്യുന്നതിൽ നിന്നും തടയാൻ കാരണമായ ഏതെങ്കിലും ശാരീരിക ക്ഷതം ഏൽപ്പിക്കുന്നതോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടുന്ന സ്വഭാവത്തിലുള്ളതോ ആയ ഒരു അപകടം ഉണ്ടാകുന്നിടത്ത്, തൊഴിലുടമ അതിനെക്കുറിച്ചുള്ള നോട്ടീസ് നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിന് അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തിനുള്ളിലും നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു നോട്ടീസ് ലഭിക്കുന്നതിൻമേൽ ആ ഉപവകുപ്പിൽ പരാമർശിക്കുന്ന അധികാരസ്ഥാനം അതിന് ആവശ്യമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണമോ അല്ലെങ്കിൽ അന്വേഷണ വിചാരണയോ നടത്തേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം നൽകിയ ഒരു നോട്ടീസ് അഞ്ചോ അതിലധികമോ ആളുകളുടെ മരണം സംഭവിപ്പിക്കുന്ന ഒരു അപകടം സംബന്ധിച്ചാണെങ്കിൽ നോട്ടീസ് ലഭിച്ച് ഒരു മാസത്തിനുള്ളിൽ അധികാരസ്ഥാനം അങ്ങനെയുള്ള അപകടത്തെ സംബന്ധിച്ച് ഒരു അന്വേഷണ വിചാരണ നടത്തേണ്ടതാണ്.

40. ***കെട്ടിടത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ആരോഗ്യത്തിനും വേണ്ടിയുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സമുചിത സർക്കാരിന്റെ അധികാരം***—(1) സമുചിതസർക്കാരിന്, വിജ്ഞാപനംവഴി, കെട്ടിടത്തൊഴിലാളികൾക്ക് അവരുടെ തൊഴിലിനിടയിൽ സുരക്ഷിതത്വത്തിനും ആരോഗ്യത്തിനും കൈക്കൊള്ളേണ്ട നടപടികളും അങ്ങനെയുള്ള തൊഴിൽ സമയത്ത് അവരുടെ സുരക്ഷിതത്വവും ആരോഗ്യവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് അവർക്ക് നൽകേണ്ട ആവശ്യമായ സാമഗ്രികളും ഉപകരണങ്ങളും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) തറ നിരപ്പിൽനിന്നോ ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗത്തുനിന്നോ ഒരു ഏണി അല്ലെങ്കിൽ അങ്ങനെയുള്ള മറ്റു താങ്ങുമാർഗ്ഗങ്ങളിൽ നിന്നോ സുരക്ഷിതമായി പണി ചെയ്യാൻ കഴിയാത്തപ്പോൾ വിവിധ ഘട്ടങ്ങളിൽ അനുയോജ്യമായതും മതിയായതും ആയ ചാരിനുള്ള വ്യവസ്ഥ ഉൾപ്പെടെ ഏതെങ്കിലും പണിസ്ഥലത്തേക്കുള്ള സുരക്ഷിതമായ പ്രവേശന മാർഗ്ഗങ്ങളും പണിസ്ഥലത്തെ സുരക്ഷിതത്വവും ;

(ഖ) ക്ഷമതയുള്ള ഒരു ആളുടെ മേൽനോട്ടത്തിൽ ഒരു കെട്ടിടത്തിന്റെയോ മറ്റു എടുപ്പിന്റെയോ മുഴുവനുമോ അല്ലെങ്കിൽ ഗണ്യമായ ഏതെങ്കിലും ഭാഗത്തിന്റെയോ പൊളിച്ചുമാറ്റൽ സംബന്ധിച്ച് എടുക്കേണ്ട മുൻകരുതലുകളും ഏതെങ്കിലും ചട്ടക്കൂട് കെട്ടിടത്തിന്റെയോ മറ്റു എടുപ്പിന്റെയോ ഏതെങ്കിലും ഭാഗം നീക്കം ചെയ്യുമ്പോൾ ഏതെങ്കിലും കെട്ടിടമോ മറ്റു എടുപ്പോ തകർന്നു വീഴുന്നതിൽനിന്നുള്ള അപകടം ഊന്നുകൊടുത്തുകൊണ്ടോ മറ്റു വിധത്തിലോ ഒഴിവാക്കലും ;

(ഗ) സ്ഫോടനം കൊണ്ടോ തെറിച്ചു വീഴ്ന്ന സാമഗ്രിയിൽ നിന്നോ ഉണ്ടാകുന്ന പരിക്കേൽക്കാനുള്ള അപകടസാദ്ധ്യത ഇല്ലാതാക്കത്തക്കവിധം ക്ഷമതയുള്ള ആളുകളുടെ നിയന്ത്രണത്തിൻകീഴിൽ സ്ഫോടകവസ്തുവിന്റെ കൈകാര്യം ചെയ്യലോ ഉപയോഗമോ ;

(ഘ) ലോക്കോമോട്ടീവുകളും ട്രക്കുകളും വാഗണുകളും മറ്റു വാഹനങ്ങളും ട്രെയിലറുകളും പോലെയുള്ള ഗതാഗത ഉപകരണങ്ങളുടെ നിർമ്മാണവും സ്ഥാപിക്കലും ഉപയോഗവും പരിപാലനവും അങ്ങനെയുള്ള ഉപകരണങ്ങൾ ഓടിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ ക്ഷമതയുള്ള ആളുകളുടെ നിയമനവും ;

(ങ) ആവശ്യമുള്ളിടത്ത്, കാലാകാലങ്ങളിലുള്ള ഗുണപരിശോധനയും പരിശോധനയും താപപ്രയോഗവും ഉൾപ്പെടെ ഉയർത്ത് യന്ത്രങ്ങളുടെയും ലിഫ്റ്റിംഗ് ഉപകരണങ്ങളുടെയും ലിഫ്റ്റിംഗ് ഗിയറിന്റെയും കെട്ടി ഉയർത്തലും സ്ഥാപിക്കലും, ഉപയോഗവും, പരിപാലനവും, ഭാരം ഉയർത്തുമ്പോഴും താഴ്ത്തുമ്പോഴും എടുക്കേണ്ട മുൻകരുതലുകളും, ആളുകളെ കൊണ്ടുപോകുന്നതിനുള്ള നിയന്ത്രണവും ഉയർത്ത് യന്ത്രങ്ങളിലോ മറ്റ് ലിഫ്റ്റിംഗ് ഉപകരണങ്ങളിലോ ക്ഷമതയുള്ള ആളുകളുടെ നിയമനവും ;

(ച) ഓരോ പണിസ്ഥലത്തും അതിലേക്കുള്ള പ്രവേശനസ്ഥലത്തും ഉയർത്ത് യന്ത്രങ്ങളോ ലിഫ്റ്റിംഗ് ഉപകരണങ്ങളോ അല്ലെങ്കിൽ ലിഫ്റ്റിംഗ് ഗിയറുകളോ ഉപയോഗിച്ച് ഉയർത്തലോ താഴ്ത്തലോ പ്രക്രിയകൾ തുടർന്നുകൊണ്ടിരിക്കുന്ന ഏതൊരു സ്ഥലത്തും നിയോജിക്കുന്ന കെട്ടിടത്തൊഴിലാളികൾക്ക് അപകടകരമായ എല്ലാ തുറപ്പുകളിലും മതിയായതും അനുയോജ്യവുമായ വെളിച്ചം നൽകുന്നതിനും ;

(ഛ) എന്തെങ്കിലും പൊടിക്കുകയോ വൃത്തിയാക്കുകയോ തളിക്കുകയോ ചെയ്യുമ്പോഴോ അല്ലെങ്കിൽ ഏതെങ്കിലും പദാർത്ഥം കൈകാര്യം ചെയ്യുമ്പോഴോ ബാഷ്പങ്ങളോ ഉണ്ടാകുന്ന പൊടിയോ പുകയോ വാതകങ്ങളോ ശ്വസിക്കൽ തടയുന്നതിന് എടുക്കേണ്ട മുൻകരുതലുകളും ഓരോ പണിസ്ഥലത്തും അല്ലെങ്കിൽ അടഞ്ഞ സ്ഥലത്തും മതിയായ വായുസഞ്ചാരം ഉറപ്പാക്കുന്നതിനും നിലനിറുത്തുന്നതിനും എടുക്കേണ്ട നടപടികളും ;

(ജ) പദാർത്ഥങ്ങളോ സാധനങ്ങളോ അട്ടിവയ്ക്കുമ്പോഴോ അട്ടിമറിക്കുമ്പോഴോ അടുക്കിവയ്ക്കുമ്പോഴോ അടുക്ക് മാറ്റുമ്പോഴോ അതുമായി ബന്ധപ്പെട്ട് കൈകാര്യം ചെയ്യുമ്പോഴോ എടുക്കേണ്ട നടപടികളും ;

(ഝ) ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ തൊഴിലാളിക്കും സുരക്ഷിതമായിരിക്കത്തക്ക നിലയിലുള്ളതോ അപ്രകാരം നിർമ്മിച്ചിട്ടുള്ളതോ അല്ലാത്തപക്ഷം സുരക്ഷിതമായ വേലിക്കെട്ടുള്ളതോ ഓരോ ഫ്ളൈ വീലിന്റെയും പ്രൈംമൂവറിന്റെ ചലിക്കുന്ന ഓരോ ഭാഗത്തിന്റെയും സംപ്രേക്ഷണ യന്ത്രസാമഗ്രിയുടെയോ മററു യന്ത്രസാമഗ്രിയുടെയോ ഓരോ ഭാഗത്തിന്റെയും വേലിക്കെട്ട് ഉൾപ്പെടെയുള്ള യന്ത്രസാമഗ്രികളുടെ സംരക്ഷണവും ;

(ഞ) സമ്മർദ്ദിത വായുവിനാൽ പ്രവർത്തിക്കുന്ന പണിയായുധങ്ങളും സജ്ജീകരണങ്ങളും ഉൾപ്പെടെയുള്ള പ്ലാന്റിന്റെ സുരക്ഷിതമായ കൈകാര്യം ചെയ്യലും ഉപയോഗവും ;

(ട) അഗ്നിബാധയ്ക്കെതിരെ എടുക്കേണ്ട മുൻകരുതലുകളും ;

(ഠ) തൊഴിലാളികൾ ഉയർത്തേണ്ടതോ നീക്കേണ്ടതോ ആയ ഭാരത്തിന്റെ പരിധികൾ ;

(ഡ) ഏതെങ്കിലും പണി സ്ഥലത്തേക്കും അല്ലെങ്കിൽ അവിടെ നിന്ന് തിരിച്ച് ജലമാർഗ്ഗം തൊഴിലാളികളുടെ സുരക്ഷിതമായ പരിവഹണത്തിനും മുങ്ങിമരണത്തിൽനിന്നും രക്ഷപ്പെടുത്താനുള്ള മാർഗ്ഗങ്ങൾക്കും ഉള്ള വ്യവസ്ഥയും ;

(ഢ) തൊഴിലാളികൾക്ക്, വൈദ്യുതി പ്രവഹിച്ചുകൊണ്ടിരിക്കുന്ന, വൈദ്യുത കമ്പികളിൽ നിന്ന് അല്ലെങ്കിൽ വൈദ്യുത യന്ത്രസാമഗ്രിയും പണിയായുധങ്ങളും ഉൾപ്പെടെയുള്ള ഉപകരണങ്ങളിൽ നിന്നും മുകളിൽ കൂടിയുള്ള കമ്പികളിൽ നിന്നുമുള്ള അപകടം തടയുന്നതിന് എടുക്കേണ്ട നടപടികൾ ;

(ണ) പണിയുടെ പ്രത്യേക സ്വഭാവമോ സാഹചര്യങ്ങളോ തൊഴിലാളികളുടെ സുരക്ഷിതത്വം ആവശ്യമാകുന്നിടത്ത് സുരക്ഷാവലകളും സുരക്ഷാഷീറ്റുകളും സുരക്ഷാബെൽറ്റുകളും സൂക്ഷിക്കൽ ;

(ത) ചാര് ഏണികളും കോവണികളും ലിഫ്റ്റിംഗ് ഉപകരണങ്ങൾ, കയറുകൾ, ചങ്ങലകളും സഹായോപകരണങ്ങളും, മണ്ണു നീക്കുന്ന ഉപകരണങ്ങൾ, ഫ്ളോട്ടിംഗ് ഓപ്പറേഷണൽ ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച് പാലിക്കേണ്ട മാനദണ്ഡങ്ങൾ ;

(ഥ) പൈൽ ഡ്രൈവിംഗ്, കോൺക്രീറ്റ് പണി, ചൂട് നീലക്കീലോ, ടാറോ അതുപോലുള്ള മറ്റു വസ്തുക്കൾകൊണ്ടുള്ള ജോലി, വൈദ്യുതിരോധന പണി, പൊളിച്ചുമാറ്റൽ പ്രവർത്തനങ്ങൾ, ഉത്ഖനനം, ഭൂഗർഭ നിർമ്മാണം, പദാർത്ഥങ്ങൾ കൈകാര്യം ചെയ്യൽ ഇവ സംബന്ധിച്ചെടുക്കേണ്ട മുൻകരുതലുകൾ ;

(ദ) സുരക്ഷാ നയവും, അതായത്, ഒരു കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി നടത്തിക്കൊണ്ടു പോകുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തൊഴിലുടമകളും കരാറുകാരും കെട്ടിടത്തൊഴിലാളികളുടെ സുരക്ഷിതത്വവും ആരോഗ്യവും അതിനുവേണ്ടി ഭരണപരമായ സംവിധാനങ്ങളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും ഉറപ്പുവരുത്തുന്നതിന് എടുക്കേണ്ട നടപടികളെ സംബന്ധിച്ച് രൂപീകരിക്കേണ്ട ഒരു നയം ;

(ധ) ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സ് ആക്റ്റ്, 1986 (1986-ലെ 63) പ്രകാരം സ്ഥാപിക്കപ്പെട്ട ഇൻഡ്യൻ സ്റ്റാന്റേർഡ്സ് ബ്യൂറോയ്ക്ക് ഒരു കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണിയിൽ ആ ആക്റ്റിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും സാധനത്തിന്റെയോ പ്രക്രിയയുടെയോ ഉപയോഗം സംബന്ധിച്ച് നൽകേണ്ട വിവരവും ;

(ന) കെട്ടിടത്തൊഴിലാളികൾക്ക് ചികിത്സാ സൗകര്യങ്ങൾക്ക് ഉള്ള വ്യവസ്ഥയും പരിപാലനവും ;

(പ) ഒരു കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും പ്രവർത്തനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷിതത്വവും ആരോഗ്യവും സംബന്ധിച്ച മറ്റേതെങ്കിലും സംഗതി.

41. ***സുരക്ഷിതത്വ നടപടികൾക്ക് മാതൃകാ ചട്ടങ്ങളുണ്ടാക്കൽ.***—കേന്ദ്രസർക്കാരിന്, 5-ാം വകുപ്പു പ്രകാരം രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ ശിപാർശ പരിഗണിച്ചതിനുശേഷം, 40-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ സംഗതികൾ സംബന്ധിച്ച് മാതൃകാചട്ടങ്ങൾ ഉണ്ടാക്കാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും സംഗതി സംബന്ധിച്ച് അങ്ങനെയുള്ള ഏതെങ്കിലും മാതൃകാചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളിടത്ത്, സമുചിതസർക്കാർ, 40-ാം വകുപ്പുപ്രകാരം ആ സംഗതി സംബന്ധിച്ച് ഏതെങ്കിലും ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ, പ്രായോഗികമാകുന്നിടത്തോളം, അങ്ങനെയുള്ള മാതൃകാ ചട്ടങ്ങൾക്ക് അനുരൂപമായിരിക്കേണ്ടതുമാണ്.

## അദ്ധ്യായം VIII

## പരിശോധനാ ഉദ്യോഗസ്ഥർ

42. ***ഡയറക്ടർ-ജനറലിന്റെയും, ചീഫ് ഇൻസ്പെക്ടറുടെയും ഇൻസ്പെക്ടർമാരുടെയും നിയമനം.***—(1) കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴി, ആ സർക്കാരിന്റെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെ പരിശോധനയുടെ ഡയറക്ടർ-ജനറലായി നിയമിക്കാവുന്നതും അദ്ദേഹം പരിശോധനയുടെ നിലവാരം നിർണ്ണയിക്കുന്നതിന് ഉത്തരവാദി ആയിരിക്കുന്നതും കേന്ദ്രസർക്കാർ സമുചിതസർക്കാരായിരിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും സംബന്ധിച്ച് ഒരു ഇൻസ്പെക്ടറുടെ അധികാരങ്ങൾ ഭാരതം മുഴുവൻ പ്രയോഗിക്കേണ്ടതും ആണ്.

(2) സംസ്ഥാനസർക്കാരിന്, വിജ്ഞാപനം വഴി, കെട്ടിടത്തിന്റെയും നിർമ്മാണത്തിന്റെയും പരിശോധനയ്ക്ക് ഉള്ള ചീഫ് ഇൻസ്പെക്ടറായി ആ സർക്കാരിന്റെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതും അദ്ദേഹം സംസ്ഥാനത്ത് ഈ ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ഉത്തരവാദി ആയിരിക്കുന്നതും, അദ്ദേഹം, സംസ്ഥാനസർക്കാർ സമുചിതസർക്കാരായിരിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് ഈ ആക്റ്റിൻകീഴിൽ ഒരു ഇൻസ്പെക്ടർക്കുള്ള അധികാരങ്ങൾ സംസ്ഥാനം മുഴുവൻ പ്രയോഗിക്കേണ്ടതും ആണ്.

(3) സമുചിതസർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, അതിന് യുക്തമെന്ന് തോന്നുന്നത്ര എണ്ണം ഉദ്യോഗസ്ഥൻമാരെ ഇൻസ്പെക്ടർമാരായി നിയമിക്കാവുന്നതും അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള തദ്ദേശാതിർത്തികൾ അവർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതും ആണ്.

(4) ഈ വകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ഓരോ ഇൻസ്പെക്ടറും, അതത്സംഗതിപോലെ, ഡയറക്ടർ-ജനറലിന്റെയോ ചീഫ് ഇൻസ്പെക്ടറുടെയോ നിയന്ത്രണത്തിന് വിധേയമായിരിക്കേണ്ടതും ഡയറക്ടർ-ജനറലിന്റെയോ ചീഫ് ഇൻസ്പെക്ടറുടെയോ പൊതു നിയന്ത്രണത്തിനും മേൽനോട്ടത്തിനും വിധേയമായി ഈ ആക്റ്റിൻകീഴിലുള്ള അദ്ദേഹത്തിന്റെ അധികാരങ്ങൾ പ്രയോഗിക്കേണ്ടതും ചുമതലകൾ നിർവഹിക്കേണ്ടതും ആണ്.

(5) ഡയറക്ടർ-ജനറലും, ചീഫ് ഇൻസ്പെക്ടറും, ഓരോ ഇൻസ്പെക്ടറും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 1860 (1860-ലെ 45)-ലെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിൽ വരുന്ന പബ്ലിക് സർവെന്റുമാരായി കരുതപ്പെടേണ്ടതാണ്.

43. ***ഇൻസ്പെക്ടർമാരുടെ അധികാരങ്ങൾ***—(1) ഇതിലേക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങൾക്കു വിധേയമായി, ഒരു ഇൻസ്പെക്ടർ അദ്ദേഹം നിയമിക്കപ്പെട്ട തദ്ദേശാതിർത്തിക്കുള്ളിൽ,—

(ക) ന്യായമായ എല്ലാ നേരത്തും അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന, സർക്കാർ സർവ്വീസിലുള്ളതോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തോ മറ്റ് പൊതു അധികാരസ്ഥാനത്തോ ഉള്ളതായ അങ്ങനെയുള്ള സഹായികളോടുകൂടി (ആരെങ്കിലും ഉണ്ടെങ്കിൽ) കെട്ടിടത്തിന്റെയോ മറ്റ് നിർമ്മാണത്തിന്റെയോ പണി നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും പരിസരത്തോ സ്ഥലത്തോ ഈ ആക്റ്റിനാലോ ആക്റ്റിൻകീഴിലോ സൂക്ഷിക്കേണ്ടതോ പ്രദർശിപ്പിക്കേണ്ടതോ ആയ ഏതെങ്കിലും രജിസ്റ്ററോ റിക്കാർഡോ നോട്ടീസുകളോ പരിശോധിക്കുന്ന ആവശ്യത്തിനായി പ്രവേശിക്കാവുന്നതും പരിശോധനയ്ക്കായി അവയുടെ ഹാജരാക്കൽ ആവശ്യപ്പെടാവുന്നതും ;

(ഖ) അങ്ങനെയുള്ള ഏതെങ്കിലും പരിസരത്തോ സ്ഥലത്തോ അദ്ദേഹം കാണുന്നതും അവിടെ നിയോജിച്ചിട്ടുള്ള ഒരു കെട്ടിടത്തൊഴിലാളിയാണെന്ന് അദ്ദേഹത്തിന് വിശ്വസിക്കുവാൻ ന്യായമായ കാരണമുള്ളതുമായ ഏതൊരാളെയും പരിശോധിക്കുന്നതിനും ;

(ഗ) കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി ഏതെങ്കിലും കെട്ടിടത്തൊഴിലാളിക്ക് നൽകുന്ന ഏതെങ്കിലും ആളോട് കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി ഏതൊരാൾക്കാണോ അല്ലെങ്കിൽ ഏതൊരാൾക്കു വേണ്ടിയാണോ നൽകുകയോ സ്വീകരിക്കുകയോ ചെയ്തിട്ടുള്ളത് ആ ആളുകളുടെ പേരുകളും വിലാസങ്ങളും സംബന്ധിച്ചും ആ കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണിക്ക് നൽകേണ്ടതായ പണം സംബന്ധിച്ചും അയാൾക്ക് നൽകാൻ അധികാരമുള്ള ഏതെങ്കിലും വിവരം നൽകുന്നതിന് ആവശ്യപ്പെടാവുന്നതും ;

(ഘ) ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം തൊഴിലുടമ ചെയ്തിട്ടുണ്ടെന്ന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ ആ കുറ്റം സംബന്ധിച്ച് പ്രസക്തമെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള രജിസ്റ്ററോ വേതനത്തിന്റെ റിക്കാർഡോ നോട്ടീസുകളോ അതിന്റെ ഭാഗങ്ങളോ പിടിച്ചെടുക്കുകയോ അവയുടെ പകർപ്പുകൾ എടുക്കുകയോ ചെയ്യാവുന്നതും ;

(ങ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ പ്രയോഗിക്കാവുന്നതും,

ആണ്.

(2) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, അതത്സംഗതിപോലെ, ഡയറക്ടർ-ജനറലിനോ അല്ലെങ്കിൽ ചീഫ് ഇൻസ്പെക്ടർക്കോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിൻമേലും ഉപാധികളിൻമേലും അങ്ങനെയുള്ള യോഗ്യതകളും പരിചയവും ഉള്ള വിദഗ്ദ്ധരെയോ ഏജൻസികളെയോ നിയോജിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനോ ഏതെങ്കിലും വിവരം നൽകുന്നതിനോ ഒരു ഇൻസ്പെക്ടർ ആവശ്യപ്പെട്ട ഏതൊരാളും, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 1860 (1860-ലെ 45)-ലെ 175-ഉം 176-ഉം വകുപ്പുകളുടെ അർത്ഥത്തിനുള്ളിൽ അപ്രകാരം ചെയ്യുന്നതിന് നിയമപരമായി ബാദ്ധ്യസ്ഥനായിരിക്കുമെന്ന് കരുതപ്പെടേണ്ടതാണ്.

(4) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ വ്യവസ്ഥകൾ, പ്രസ്തുത നിയമ സംഹിതയുടെ 94-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഒരു വാറണ്ട് പ്രകാരമുള്ള അധികാരത്തിൻകീഴിൽ നടത്തുന്ന ഏതെങ്കിലും അന്വേഷണത്തിനോ പിടിച്ചെടുക്കലിനോ ബാധകമായിരിക്കുന്നതുപോലെ, കഴിയുന്നിടത്തോളം, (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഏതെങ്കിലും അന്വേഷണത്തിനോ പിടിച്ചെടുക്കലിനോ ബാധകമായിരിക്കുന്നതാകുന്നു.

## അദ്ധ്യായം IX

## പ്രത്യേക വ്യവസ്ഥകൾ

44. ***തൊഴിലുടമകളുടെ ഉത്തരവാദിത്വം***—ഒരു തൊഴിലുടമ, സുരക്ഷിതത്വം സംബന്ധിച്ച് ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി അയാളുടെ സ്ഥാപനത്തിലെ ഏതൊരു കെട്ടിടത്തിന്റെയും മറ്റു നിർമ്മാണത്തിന്റെയും പണിക്ക് നിരന്തരവും പര്യാപ്തവുമായ മേൽനോട്ടം വഹിക്കുന്നതിനും അപകടങ്ങൾ തടയുന്നതിനും ആവശ്യമായ എല്ലാ പ്രായോഗിക നടപടികൾ എടുക്കുന്നതിനും ഉത്തരവാദി ആയിരിക്കുന്നതാണ്.

45. ***കൂലിയും നഷ്ടപരിഹാരവും നൽകുന്നതിനുള്ള ഉത്തരവാദിത്വം***—(1) ഒരു തൊഴിലുടമ, അയാൾ നിയോജിച്ചിട്ടുളള ഓരോ കെട്ടിടത്തൊഴിലാളിക്കും കൂലി നൽകുന്നതിന് ഉത്തരവാദി ആയിരിക്കുന്നതും അങ്ങനെയുള്ള കൂലി നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള തീയതിയിലോ അതിനു മുമ്പോ നൽകേണ്ടതുമാണ്.

(2) ഒരു കരാറുകാരൻ, അയാൾ നിയോജിച്ചിട്ടുള്ള ഒരു കെട്ടിടത്തൊഴിലാളിയെ സംബന്ധിച്ച് നഷ്ടപരിഹാരം, അങ്ങനെയുള്ള തുക നൽകേണ്ടതാകുമ്പോൾ അത് നൽകുന്നതിന് ബാദ്ധ്യസ്ഥനാകുന്നിടത്ത്, അത് നൽകുന്നതിൽ വീഴ്ച വരുത്തുകയോ അതിൽ കുറച്ചു തുക നൽകുകയോ ചെയ്യുന്നിടത്ത് ആ കെട്ടിടത്തൊഴിലാളിക്ക് മരണമോ അവശതയോ സംഭവിക്കുന്ന സംഗതിയിൽ തൊഴിലുടമയ്ക്ക്, തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റ്, 1923 (1923-ലെ 8)-ലെ വ്യവസ്ഥകൾ അനുസരിച്ച് നഷ്ട പരിഹാരം മുഴുവനുമായോ അല്ലെങ്കിൽ കൊടുക്കാതെ ബാക്കിനിൽക്കുന്ന തുകയോ നൽകുന്നതിന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതും അങ്ങനെ നൽകിയ തുക കരാറുകാരനിൽ നിന്നും കരാറുകാരൻ ഏതെങ്കിലും കരാറുപ്രകാരം നൽകേണ്ടതായ ഏതെങ്കിലും തുകയിൽ നിന്നും കുറവു ചെയ്തോ അല്ലെങ്കിൽ കരാറുകാരൻ നൽകേണ്ടതായ ഒരു കടം എന്നതുപോലെയോ വസൂലാക്കാവുന്നതുമാണ്.

46. ***കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി ആരംഭിക്കൽ നോട്ടീസ്***—(1) ഒരു തൊഴിലുടമ, ഏതെങ്കിലും കെട്ടിടത്തിന്റെയോ മറ്റ് നിർമ്മാണത്തിന്റെയോ പണി ആരംഭിക്കുന്നതിന് കുറഞ്ഞത് മുപ്പതു ദിവസം മുമ്പ് പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി നടത്തേണ്ട പ്രദേശത്ത് അധികാരിതയുള്ള ഇൻസ്പെക്ടർക്ക്,—

(ക) കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ പേരും സ്ഥാനവും;

(ഖ) കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി ഏറ്റെടുത്ത് നടത്തുന്ന ആളിന്റെ പേരും വിലാസവും;

(ഗ) കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി സംബന്ധിച്ച അറിയിപ്പുകൾ അയയ്ക്കേണ്ട വിലാസവും;

(ഘ) ഏർപ്പെടുത്തിയിട്ടുളള ഏതെങ്കിലും പ്ലാന്റും യന്ത്രസാമഗ്രികളും ഉൾപ്പെടെയുളള സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുളള പണിയുടെ സ്വഭാവവും;

(ങ) കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണിക്ക് ഉപയോഗിക്കേണ്ട സ്ഫോടക വസ്തുക്കളുടെ, ഏതെങ്കിലും ഉണ്ടെങ്കിൽ, സംഭരണത്തിനുള്ള സംവിധാനങ്ങളും;

(ച) കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണിയുടെ വിവിധ ഘട്ടങ്ങളിൽ നിയോജിക്കാൻ സാദ്ധ്യതയുള്ള തൊഴിലാളികളുടെ എണ്ണവും;

(ഛ) കെട്ടിടത്തിന്റെയോ മറ്റ് നിർമ്മാണത്തിന്റെയോ പണിസ്ഥലത്ത് പണിയുടെ മൊത്തത്തിൽ ചുമതലയുള്ള ആളിന്റെ പേരും ഉദ്യോഗപ്പേരും;

(ജ) പണിയുടെ ഏകദേശ കാലയളവും;

(ഝ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു സംഗതികളും,

അടങ്ങുന്ന ലിഖിതമായ ഒരു നോട്ടീസ് അയയ്ക്കുകയോ അയപ്പിക്കുകയോ ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരം നൽകിയിട്ടുള്ള ഏതെങ്കിലും വിവരങ്ങളിൽ എന്തെങ്കിലും മാറ്റം വരുന്നിടത്ത്, അങ്ങനെയുള്ള മാറ്റം വന്ന് രണ്ടുദിവസത്തിനുള്ളിൽ, തൊഴിലുടമ ഇൻസ്പെക്ടറെ ആ മാറ്റം അറിയിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, അടിയന്തിര പണികളാണെന്ന് സമുചിത സർക്കാർ വിജ്ഞാപനം വഴി, വിനിർദ്ദേശിക്കുന്ന തരത്തിലുള്ള കെട്ടിടത്തിന്റെയോ മറ്റ് നിർമ്മാണത്തിന്റെയോ പണിയുടെ സംഗതിയിൽ ബാധകമാകുന്നതല്ല.

## അദ്ധ്യായം X

## ശിക്ഷകളും നടപടിക്രമവും

47. ***സുരക്ഷിതത്വനടപടികൾ സംബന്ധിച്ച വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ.***—(1) 40-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും, മൂന്നുമാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവിനോ അല്ലെങ്കിൽ രണ്ടായിരം രൂപയോളമാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയും, തുടർച്ചയായ ലംഘനത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള ആദ്യത്തെ ലംഘനത്തിന്റെ കുറ്റസ്ഥാപനത്തിനുശേഷം അങ്ങനെയുള്ള ലംഘനം തുടരുന്ന ഓരോ ദിവസത്തിനും നൂറുരൂപയോളമാകാവുന്ന അധിക പിഴയ്ക്കും ശിക്ഷാർഹനാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ട ഏതൊരാളും അതേ വ്യവസ്ഥയുടെ ലംഘനമോ അത് പാലിക്കുന്നതിൽ വീഴ്ചയോ ഉൾപ്പെടുന്ന ഒരു കുറ്റത്തിന് വീണ്ടും അപരാധിയാകുന്നുവെങ്കിൽ പിന്നീടുള്ള കുറ്റസ്ഥാപനത്തിൻമേൽ അയാൾ ആറുമാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവിനോ അല്ലെങ്കിൽ അഞ്ഞൂറുരൂപയിൽ കുറയാത്തതും എന്നാൽ രണ്ടായിരം രൂപയോളമാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷാർഹനാണ്:

എന്നാൽ, ഈ ഉപവകുപ്പിന്റെ ആവശ്യങ്ങളിലേക്കായി, ഏത് കുറ്റം ചെയ്യലിനാണോ ആ ആൾ പിന്നീട് കുറ്റസ്ഥാപനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത് ആ കുറ്റം ചെയ്യലിന് രണ്ടുവർഷത്തിലേറെ മുമ്പ് നടത്തിയ ഏതെങ്കിലും കുറ്റസ്ഥാപനം യാതൊരു നടപടിക്കും എടുക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, ശിക്ഷ ചുമത്തുന്ന അധികാരസ്ഥാനത്തിന്, അങ്ങനെയുള്ള ഒരു നടപടി ആവശ്യമാക്കുന്ന പ്രത്യേക സാഹചര്യങ്ങൾ ഉണ്ടെന്ന് അതിന് ബോദ്ധ്യപ്പെടുന്നപക്ഷം, അതിന്റെ കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തിയശേഷം, അഞ്ഞൂറു രൂപയിൽ കുറഞ്ഞ ഒരു പിഴ ചുമത്താവുന്നതാണ്.

48. ***കെട്ടിടത്തിന്റെയോ മറ്റ് നിർമ്മാണത്തിന്റെയോ പണി ആരംഭിക്കലിനുള്ള നോട്ടീസ് നൽകുന്നതിൽ വീഴ്ച വരുത്തിയാലുള്ള ശിക്ഷ***—കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പണി ആരംഭിക്കലിന് 46-ാം വകുപ്പുപ്രകാരമുള്ള നോട്ടീസ് നൽകുന്നതിൽ ഒരു തൊഴിൽ ഉടമ വീഴ്ച വരുത്തുന്നിടത്ത് അയാൾ മൂന്നു മാസത്തോളമാകാവുന്ന തടവിനോ, അല്ലെങ്കിൽ രണ്ടായിരം രൂപയോളമാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷാർഹനാകുന്നതാണ്.

49. ***തടസ്സപ്പെടുത്തലുകൾക്കുള്ള ശിക്ഷ***—(1) ഈ ആക്റ്റിൻകീഴിലുള്ള തന്റെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന് ഒരു ഇൻസ്പെക്ടറെ തടസ്സപ്പെടുത്തുകയോ ഒരു സ്ഥാപനത്തെ സംബന്ധിച്ച്, ഈ ആക്റ്റിൻകീഴിലോ ആക്റ്റിനാലോ അധികാരപ്പെടുത്തിയ ഏതെങ്കിലും പരിശോധന, അന്വേഷണ വിചാരണ അല്ലെങ്കിൽ അന്വേഷണം നടത്തുന്നതിന് ന്യായമായ ഏതെങ്കിലും സൗകര്യം ഇൻസ്പെക്ടർക്ക് നൽകുന്നത് നിരസിക്കുകയോ മനഃപൂർവ്വം ഉപേക്ഷ വരുത്തുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസക്കാലത്തോളമാകാവുന്ന തടവിനോ അല്ലെങ്കിൽ ആയിരം രൂപയോളമാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷാർഹനാണ്.

(2) ഈ ആക്റ്റിനനുസൃതമായി സൂക്ഷിച്ചിട്ടുള്ള ഏതെങ്കിലും രജിസ്റ്ററോ, മറ്റ് രേഖയോ ഒരു ഇൻസ്പെക്ടർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കുന്നത് മനഃപൂർവം നിരസിക്കുകയോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരമുള്ള അയാളുടെ കർത്തവ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്ന ഒരു ഇൻസ്പെക്ടറെ തടയുകയോ തടയാൻ ശ്രമിക്കുകയോ അല്ലെങ്കിൽ ഇൻസ്പെക്ടറുടെ മുമ്പാകെ ഹാജരാകുന്നതിൽ നിന്നോ ഇൻസ്പെക്ടറാൽ വിസ്തരിക്കപ്പെടുന്നതിൽ നിന്നോ ഏതെങ്കിലും ആളെ തടയാൻഇടയുണ്ടെന്ന് അദ്ദേഹത്തിന് വിശ്വസിക്കാൻ കാരണമുള്ള എന്തെങ്കിലും ചെയ്യുന്ന ഏതൊരാളും മൂന്നുമാസക്കാലത്തോളമാകാവുന്ന തടവിനോ അല്ലെങ്കിൽ ആയിരം രൂപയോളമാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷാർഹനാണ്.

50. ***മറ്റു കുറ്റങ്ങൾക്കുള്ള ശിക്ഷ***.—(1) ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലെയോ മറ്റേതെങ്കിലും വ്യവസ്ഥ ലംഘിക്കുകയോ ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും അങ്ങനെയുള്ള ലംഘനത്തിനോ വീഴ്ചയ്ക്കോ മറ്റൊരിടത്തും പ്രകടമായ ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലാത്തിടത്ത് അങ്ങനെയുള്ള ഓരോ ലംഘനത്തിനോ വീഴ്ചയ്ക്കോ, അതത്സംഗതിപോലെ, ആയിരം രൂപയോളമാകാവുന്ന പിഴയ്ക്കും തുടർന്നുള്ള ഒരു ലംഘനത്തിന്റെയോ വീഴ്ചയുടെയോ സംഗതിയിൽ, അതത്സംഗതിപോലെ, അങ്ങനെയുള്ള ആദ്യ ലംഘനത്തിനോ വീഴ്ചയ്ക്കോ ഉള്ള കുറ്റസ്ഥാപനത്തിനുശേഷം അങ്ങനെയുള്ള ലംഘനമോ വീഴ്ചയോ തുടരുന്ന ഓരോ ദിവസത്തിനും നൂറുരൂപയോളമാകാവുന്ന ഒരു അധികപിഴയ്ക്കും ശിക്ഷാർഹനാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ശിക്ഷ—

(ക) കേന്ദ്രസർക്കാർ, സമുചിതസർക്കാർ ആയിരിക്കുന്ന ഒരു സംഗതിയിൽ, ലംഘനമോ വീഴ്ചയോ സംബന്ധിച്ച്, ഡയറക്ടർ-ജനറലിനും;

(ഖ) സംസ്ഥാനസർക്കാർ, സമുചിതസർക്കാരായിരിക്കുന്ന ഒരു സംഗതിയിൽ, ലംഘനമോ വീഴ്ചയോ സംബന്ധിച്ച്, ചീഫ് ഇൻസ്പെക്ടർക്കും

ചുമത്താവുന്നതാണ്.

(3) ബന്ധപ്പെട്ടയാൾക്ക്—

(ക) ഒരു ശിക്ഷ ചുമത്താൻ ഉദ്ദേശിക്കുന്നത് ഏതെല്ലാം കാരണങ്ങളാലാണെന്ന് അറിയിച്ചു കൊണ്ടും;

(ഖ) നോട്ടീസിൽ പറഞ്ഞിട്ടുള്ള ശിക്ഷ ചുമത്തുന്നതിനെതിരായി, നോട്ടീസിൽ വിനിർദ്ദേശിക്കുന്ന അങ്ങനെയുള്ള ന്യായമായ സമയപരിധിക്കുള്ളിൽ ലിഖിതമായ ഒരു നിവേദനം നൽകുന്നതിനും, അയാൾ അപ്രകാരം ആഗ്രഹിക്കുന്നപക്ഷം, ആ സംഗതിയിൽ അയാളെ കേൾക്കുന്നതിന് ന്യായമായ ഒരു അവസരം നൽകിക്കൊണ്ടും, ലിഖിതമായ ഒരു നോട്ടീസ് നൽകിയിട്ടില്ലാത്തപക്ഷം യാതൊരു ശിക്ഷയും ചുമത്താൻ പാടുള്ളതല്ല.

(4) ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള മറ്റേതെങ്കിലും വ്യവസ്ഥയ്ക്ക് ഭംഗംവരാത്ത വിധത്തിൽ, താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച്, ഈ വകുപ്പിൻകീഴിലുള്ള ഏതെങ്കിലും അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ, ഡയറക്ടർ-ജനറലിനും ചീഫ് ഇൻസ്പെക്ടർക്കും സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൻ കീഴിൽ ഒരു സിവിൽക്കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(ക) സാക്ഷികളെ സമൺ ചെയ്യുന്നതിനും ഹാജരാക്കിക്കുന്നതിനും;

(ഖ) ഏതെങ്കിലും രേഖകൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(ഗ) ഏതെങ്കിലും കോടതിയിൽ നിന്നോ ആഫീസിൽനിന്നോ ഏതെങ്കിലും പബ്ലിക് റിക്കാർഡോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിന്;

(ഘ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിന്;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകൾ പുറപ്പെടുവിക്കുന്നതിനും.

(5) ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥയോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമമോ പ്രകാരം ഈ ആക്റ്റിനാലോ അല്ലെങ്കിൽ ആ മറ്റു നിയമത്തിനാലോ ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം ചെയ്തതിന് പ്രോസിക്യൂട്ടു ചെയ്യുന്നതിൽ നിന്നോ അല്ലെങ്കിൽ, അതത്സംഗതിപോലെ, ഈ വകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതിനെക്കാൾ അങ്ങനെയുള്ള കുറ്റത്തിന് ഈ ആക്റ്റ് പ്രകാരമോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും നിയമപ്രകാരമോ മറ്റേതെങ്കിലുമോ അല്ലെങ്കിൽ ഉയർന്നതോ ആയ പിഴയ്ക്കോ ശിക്ഷയ്ക്കോ അർഹനാകുന്നതിൽ നിന്നും ബന്ധപ്പെട്ട ആളെ തടയുന്നതായി അർത്ഥം കൽപ്പിക്കാൻ പാടുള്ളതല്ല:

എന്നാൽ യാതൊരാളും ഒരേ കുറ്റത്തിന് രണ്ടുപ്രാവശ്യം ശിക്ഷിക്കപ്പെടാൻ പാടുള്ളതല്ല.

51. ***അപ്പീൽ***—(1) 50-ാം വകുപ്പുപ്രകാരം ഏതെങ്കിലും ശിക്ഷ ചുമത്തപ്പെട്ടതിനാൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും—

(ക) ഡയറക്ടർ-ജനറൽ ശിക്ഷ ചുമത്തിയിട്ടുള്ളിടത്ത്, കേന്ദ്രസർക്കാരിനും ;

(ഖ) ചീഫ് ഇൻസ്പെക്ടർ ശിക്ഷ ചുമത്തിയിട്ടുള്ളിടത്ത്, സംസ്ഥാനസർക്കാരിനും,

അങ്ങനെയുള്ള ശിക്ഷ ചുമത്തൽ അങ്ങനെയുള്ള ആളെ അറിയിച്ച തീയതി മുതൽ മൂന്നുമാസക്കാലയളവിനുള്ളിൽ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ, മേൽപ്പറഞ്ഞ മൂന്നുമാസക്കാലയളവിനുള്ളിൽ അപ്പീൽവാദിക്ക് അപ്പീൽ ബോധിപ്പിക്കാതിരുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടായിരുന്നുവെന്ന്, അതത്സംഗതിപോലെ, കേന്ദ്രസർക്കാരിനോ സംസ്ഥാനസർക്കാരിനോ ബോദ്ധ്യപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള അപ്പീൽ വീണ്ടുമൊരു മൂന്നുമാസക്കാലയളവിനുള്ളിൽ ബോധിപ്പിക്കുന്നതിന് അനുവദിക്കാവുന്നതാണ്.

(2) അപ്പീൽ അധികാരസ്ഥാനത്തിന്, അപ്പീൽവാദിയെ കേൾക്കാനുള്ള ഒരു അവസരം, അയാൾ അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ, നൽകിയശേഷവും അത് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള കൂടുതൽ അന്വേഷണ വിചാരണ, ഏതെങ്കിലും ഉണ്ടെങ്കിൽ, നടത്തിയശേഷവും, ഏത് ഉത്തരവിനെതിരായാണോ അപ്പീൽ ബോധിപ്പിച്ചത്, ആ ഉത്തരവ് സ്ഥിരപ്പെടുത്തിക്കൊണ്ടോ, ഭേദഗതി ചെയ്തുകൊണ്ടോ മറിച്ചാക്കിക്കൊണ്ടോ അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അല്ലെങ്കിൽ അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങളോടുകൂടി, ഒരു പുതിയ തീരുമാനത്തിനായി കേസ് തിരിച്ചയയ്ക്കാവുന്നതും ആകുന്നു.

52. ***പിഴസംഖ്യ വസൂലാക്കൽ***—50-ാം വകുപ്പുപ്രകാരം ഏതെങ്കിലും ആളിന്റെമേൽ ചുമത്തപ്പെട്ട ഏതെങ്കിലും പിഴസംഖ്യ ഒടുക്കിയിട്ടില്ലെങ്കിൽ,—

(i) ഡയറക്ടർ-ജനറലിനോ ചീഫ് ഇൻസ്പെക്ടർക്കോ, അതത്സംഗതിപോലെ, അദ്ദേഹത്തിന്റെ നിയന്ത്രണത്തിലുള്ള അങ്ങനെയുള്ള ആൾക്ക് ചെല്ലേണ്ട തുകയിൽ നിന്നും അപ്രകാരം ഒടുക്കേണ്ട തുക കുറവുചെയ്യാവുന്നതാണ്; അല്ലെങ്കിൽ

(ii) ഡയറക്ടർ-ജനറലിനോ ചീഫ് ഇൻസ്പെക്ടർക്കോ, അതത്സംഗതിപോലെ, അദ്ദേഹത്തിന്റെ നിയന്ത്രണത്തിലുള്ള അങ്ങനെയുള്ള ആളിന്റെ സ്വന്തമായ സാധനങ്ങൾ തടഞ്ഞുവച്ചോ വിൽപ്പന നടത്തിയോ അപ്രകാരം ഒടുക്കേണ്ട തുക വസൂലാക്കാവുന്നതാണ്; അല്ലെങ്കിൽ

(iii) (i)-ാം ഖണ്ഡത്തിലോ (ii)-ാം ഖണ്ഡത്തിലോ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ അങ്ങനെയുള്ള ആളിൽ നിന്ന് തുക വസൂലാക്കൽ കഴിയുന്നില്ലെങ്കിൽ, ഡയറക്ടർ-ജനറലിനോ ചീഫ് ഇൻസ്പെക്ടർക്കോ, അതത്സംഗതിപോലെ, അങ്ങനെയുള്ള ആളിൽനിന്നും ലഭിക്കേണ്ട തുക വിനിർദ്ദേശിച്ചുകൊണ്ട് അദ്ദേഹം ഒപ്പിട്ട് ഒരു സർട്ടിഫിക്കറ്റ് തയ്യാറാക്കുകയും അങ്ങനെയുള്ള ആൾക്ക് ഏതെങ്കിലും വസ്തു സ്വന്തമായിട്ടുള്ളതോ, അയാൾ താമസിക്കുന്നതോ തൊഴിൽ ചെയ്യുന്നതോ ആയ ജില്ലയിലെ കളക്ടർക്ക് അയച്ചുകൊടുക്കേണ്ടതും, പ്രസ്തുത കളക്ടർ അങ്ങനെയുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൻമേൽ അതിൽ വിനിർദ്ദേശിച്ചിട്ടുള്ള തുക ഒരു ഭൂനികുതി കുടിശ്ശികയെന്നപോലെ അങ്ങനെയുള്ള ആളിൽനിന്നും വസൂലാക്കുന്നതിന് നടപടിയെടുക്കേണ്ടതുമാണ്.

53. ***കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ***—(1) ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത്, കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ് നടത്തിപ്പിന്റെ ചുമതല വഹിച്ചിരുന്നതും കമ്പനിയോട് ഉത്തരവാദപ്പെട്ടിരുന്നതുമായ ഓരോ ആളും അതുപോലെതന്നെ ആ കമ്പനിയും ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും അർഹനാകുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവ് കൂടാതെയാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുവാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും ആളെ യാതൊരു ശിക്ഷയ്ക്കും അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്യുകയും ആ കുറ്റം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ അല്ലെങ്കിൽ മറ്റു ആഫീസറുടെയോ സമ്മതത്തോടോ മൗനാനുവാദത്തോടുകൂടി ചെയ്തിട്ടുണ്ടെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തു കൽപ്പിക്കപ്പെടാവുന്നതായ ഏതെങ്കിലും ഉപേക്ഷമൂലമാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ആഫീസറോ ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും അർഹനാകുന്നതുമാണ്.

***വിശദീകരണം***—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും ;

(ഖ) "ഡയറക്ടർ" എന്നാൽ ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം ആ ഫേമിലെ ഒരു പങ്കാളി എന്ന് അർത്ഥമാകുന്നതും,

ആണ്.

54. ***കുറ്റങ്ങൾ നടപടിക്കെടുക്കൽ***—(1) യാതൊരു കോടതിയും, ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം,—

(ക) ഡയറക്ടർ-ജനറലോ ചീഫ് ഇൻസ്പെക്ടറോ നൽകിയതോ അല്ലെങ്കിൽ അവരുടെ മുൻകൂട്ടിയുള്ള ലിഖിതമായ അനുമതിയോടുകൂടിയതോ ; അല്ലെങ്കിൽ

(ഖ) സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1860 (1860-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സന്നദ്ധ സംഘടനയുടെ ഒരു ഭാരവാഹി നൽകിയതോ ; അല്ലെങ്കിൽ

(ഗ) ട്രേഡ് യൂണിയൻസ് ആക്റ്റ്, 1926 (1926-ലെ 16) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ബന്ധപ്പെട്ട ഏതെങ്കിലും ട്രേഡ് യൂണിയന്റെ ഒരു ഭാരവാഹി നൽകിയതോ ,

ആയ ഒരു പരാതിയിൻമേലല്ലാതെ കുറ്റവിചാരണയ്ക്ക് എടുക്കാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം ഒരു മെട്രോപോളിറ്റൻ മജിസ്ട്രേറ്റിന്റെയോ ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ കോടതിയിൽ താഴെയുള്ള യാതൊരു കോടതിയും വിചാരണ ചെയ്യുവാൻ പാടുള്ളതല്ല.

55. ***പ്രോസിക്യൂഷനുകളുടെ കാലഹരണം***—യാതൊരു കോടതിയും, ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം, ഡയറക്ടർ-ജനറലിന്റെയോ, ചീഫ് ഇൻസ്പെക്ടറുടെയോ, ഒരു സന്നദ്ധ സംഘടനയുടെ ഭാരവാഹിയുടെയോ അല്ലെങ്കിൽ ബന്ധപ്പെട്ട ഏതെങ്കിലും തൊഴിലാളി സംഘടനയുടെ ഒരു ഭാരവാഹിയുടെയോ, അതത്സംഗതിപോലെ, ആരോപിക്കപ്പെട്ട കുറ്റം ചെയ്യൽ അറിവിൽ വന്ന തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ പരാതി നൽകാത്തപക്ഷം, നടപടിയെടുക്കാൻ പാടുള്ളതല്ല.

## അദ്ധ്യായം XI

### പലവക

56. ***അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കൽ***—ഒരു ബോർഡിന്, പൊതുവായതോ പ്രത്യേക മായതോ ആയ ഉത്തരവു വഴി, അത് ആവശ്യമെന്ന് കരുതുന്ന ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അങ്ങ നെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ആ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾക്കും പരിമിതി കൾക്കും, ഏതെങ്കിലുമുണ്ടെങ്കിൽ, വിധേയമായി ബോർഡിന്റെ ചെയർപേഴ്സണോ മറ്റേതെങ്കിലും അംഗത്തിനോ സെക്രട്ടറിക്കോ മറ്റേതെങ്കിലും ആഫീസർക്കോ ജീവനക്കാരനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

57. ***റിട്ടേണുകൾ***—ഓരോ ബോർഡും കാലാകാലങ്ങളിൽ കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരിനും അവർ ആവശ്യപ്പെടാവുന്ന അങ്ങനെയുള്ള റിട്ടേണുകൾ നൽകേണ്ടതാണ്.

58. ***1923-ലെ 8-ാം ആക്റ്റ്, കെട്ടിടത്തൊഴിലാളികൾക്ക് ബാധകമാക്കൽ***—തൊഴിലാളികളുടെ നഷ്ടപരിഹാര ആക്റ്റ്, 1923-ലെ വ്യവസ്ഥകൾ, ഈ ആക്റ്റ് ബാധകമായിരിക്കുന്ന തൊഴിൽ ആ ആക്റ്റിന്റെ രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നാലെന്നപോലെ കെട്ടിടത്തൊഴിലാളികൾക്ക് കഴിയുന്നിടത്തോളം ബാധകമായിരിക്കുന്നതാണ്.

59. ***ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം***—(1) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച്, ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഏതെങ്കിലും ആൾക്കെതിരായി യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ അല്ലെങ്കിൽ മറ്റു നിയമനടപടിയോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയതോ പുറപ്പെടുവിച്ചതോ ആയ ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഉണ്ടായതോ ഉണ്ടാകാൻ സാദ്ധ്യതയുള്ളതോ ആയ ഏതെങ്കിലും നഷ്ടത്തിന് സർക്കാരിനോ ഈ ആക്ററിൻകീഴിൽ രൂപീകരിക്കപ്പെട്ട ഏതെങ്കിലും ബോർഡിനോ സമിതികൾക്കോ അല്ലെങ്കിൽ അങ്ങനെയുള്ള ബോർഡിന്റെ ഏതെങ്കിലും അംഗത്തിനോ സർക്കാരിന്റെയോ ബോർഡിന്റെയോ ഏതെങ്കിലും ആഫീസറോ ജീവനക്കാരനോ അല്ലെങ്കിൽ സർക്കാരോ ഏതെങ്കിലും ബോർഡോ സമിതിയോ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആൾക്കോ എതിരായി യാതൊരു പ്രോസിക്യൂഷനോ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

60. ***നിർദ്ദേശങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം***—കേന്ദ്രസർക്കാരിന് ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് ആ സംസ്ഥാനസർക്കാരിനോ ബോർഡിനോ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

61. ***വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം***—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ, കേന്ദ്രസർക്കാരിന് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവു വഴി, ആ വിഷമത നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ, അതിന് തോന്നുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷം കഴിഞ്ഞതിനുശേഷം, അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും അതുണ്ടാക്കിയശേഷം, ആകുന്നത്ര വേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

62. ***ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം***—(1) സമുചിതസർക്കാരിന്, വിദഗ്ദ്ധ സമിതിയുമായി ആലോചിച്ചതിനുശേഷം, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതക്ക് ഭംഗം വരാത്ത വിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) കേന്ദ്ര ഉപദേശക സമിതിയിലും സംസ്ഥാന ഉപദേശക സമിതികളിലും വിവിധ താൽപ്പര്യങ്ങളെ പ്രതിനിധീകരിച്ച് അംഗങ്ങളായി നിയമിക്കപ്പെടേണ്ട ആളുകളുടെ എണ്ണവും, അവരുടെ ഔദ്യോഗിക കാലാവധിയും, മറ്റു സേവന വ്യവസ്ഥകളും, അവരുടെ ചുമതലകൾ നിർവഹിക്കുന്നതിൽ പാലിക്കേണ്ട നടപടിക്രമങ്ങളും, അതത്സംഗതിപോലെ, 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് അല്ലെങ്കിൽ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പു പ്രകാരം ഒഴിവുകൾ നികത്തുന്നതിനുള്ള രീതിയും;

(ഖ) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം വിദഗ്ദ്ധ സമിതിയിലെ അംഗങ്ങൾക്ക് അതിന്റെ യോഗങ്ങളിൽ ഹാജരാകുന്നതിന് നൽകേണ്ട ഫീസുകളും ബത്തകളും ;

(ഗ) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഒരു സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള അപേക്ഷാഫാറവും അതിനു ചുമത്തേണ്ട ഫീസും അതിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും ;

(ഘ) 7-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം നൽകേണ്ട രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫാറവും അങ്ങനെയുള്ള സർട്ടിഫിക്കറ്റ് ഏത് സമയത്തിനുള്ളിലും ഏതെല്ലാം ഉപാധികൾക്ക് വിധേയമായും നൽകാവുന്നതാണെന്നും ;

(ങ) 7-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം ഉടമസ്ഥതയിലോ നടത്തിപ്പിലോ ഉള്ള മാറ്റമോ മറ്റു വിവരങ്ങളോ രജിസ്റ്ററിംഗ് ആഫീസറെ അറിയിക്കേണ്ടത് ഏത് ഫാറത്തിലാണെന്നും ;

(ച) 12-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഒരു ഗുണഭോക്താവായി രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു അപേക്ഷ ഏത് ഫാറത്തിലാണ് നൽകേണ്ടതെന്നും ;

(ഛ) 12-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരമുള്ള അപേക്ഷയോടൊപ്പം ഉണ്ടായിരിക്കേണ്ട രേഖയും ഫീസും ;

(ജ) 12-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം ബോർഡിന്റെ സെക്രട്ടറി വച്ചുപോരുന്നതിന് ഇടയാക്കേണ്ട രജിസ്റ്ററുകളും ;

(ഝ) 14-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം നൽകേണ്ട ആനുകൂല്യങ്ങളും ;

(ഞ) 15-ാം വകുപ്പുപ്രകാരം ഗുണഭോക്താക്കളുടെ രജിസ്റ്റർ വച്ചുപോരേണ്ടത് ഏത് ഫാറത്തിലാണെന്നും ;

(ട) 18-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം ബോർഡിന്റെ ചെയർപേഴ്സന്റെയും മറ്റു അംഗങ്ങളുടെയും നിയമന നിബന്ധനകളും ഉപാധികളും നൽകേണ്ട ശമ്പളവും മറ്റു ബത്തകളും ആകസ്മിക ഒഴിവുകൾ നികത്തേണ്ട രീതിയും ;

(ഠ) 19-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം ബോർഡിന്റെ സെക്രട്ടറിയുടെയും മറ്റു ആഫീസർമാരുടെയും ജീവനക്കാരുടെയും സേവന നിബന്ധനകളും ഉപാധികളും നൽകേണ്ട ശമ്പളവും ബത്തകളും ;

(ഡ) 20-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ബോർഡ് യോഗത്തിന്റെ സമയവും സ്ഥലവും കാര്യങ്ങളുടെ നടത്തിപ്പിനാവശ്യമായ കോറം ഉൾപ്പെടെ, അങ്ങനെയുള്ള യോഗത്തിൽ പാലിക്കേണ്ട നടപടിച്ചട്ടങ്ങളും ;

(ഢ) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (ഗ) ഖണ്ഡപ്രകാരം ഭവനനിർമ്മാണ വായ്പകളായോ മുൻകൂറുകളായോ നൽകാവുന്ന തുകയും അങ്ങനെയുള്ള പണം നൽകലിന്റെ നിബന്ധനകളും ഉപാധികളും (ങ) ഖണ്ഡപ്രകാരമുള്ള വിദ്യാഭ്യാസ സഹായവും (ച) ഖണ്ഡപ്രകാരം നൽകാവുന്ന ചികിത്സാ ചെലവുകളും ഗുണഭോക്താക്കളുടെ ആശ്രിതൻ ആരായിരിക്കണമെന്നും (ജ) ഖണ്ഡ പ്രകാരം മറ്റു ക്ഷേമ നടപടികൾക്കുവേണ്ടി ഉണ്ടാക്കാവുന്ന വ്യവസ്ഥകളും ;

(ണ) 22-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെ (ഖ) ഖണ്ഡപ്രകാരം തദ്ദേശാധികാരസ്ഥാനങ്ങൾക്കും തൊഴിലുടമകൾക്കും നൽകാവുന്ന സഹായധനങ്ങൾക്കുള്ള പരിധികളും ;

(ത) 25-ാം വകുപ്പുപ്രകാരം ബോർഡിന്റെ ബജറ്റ് തയ്യാറാക്കേണ്ടതും സർക്കാരിനയയ്ക്കേണ്ടതും ഏത് ഫാറത്തിലും ഏത് സമയത്തിനുള്ളിലും ആയിരിക്കണമെന്നും ;

(ഥ) 26-ാം വകുപ്പുപ്രകാരം സംസ്ഥാനസർക്കാരിനും കേന്ദ്രസർക്കാരിനും സമർപ്പിക്കേണ്ട ബോർഡിന്റെ വാർഷിക റിപ്പോർട്ട് ഏത് ഫാറത്തിലും ഏത് സമയത്തിനുള്ളിലും ആയിരിക്കണമെന്നും ;

(ദ) 27-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റിന്റെ ഫാറവും, (4)-ാം ഉപവകുപ്പുപ്രകാരം ആഡിറ്ററുടെ റിപ്പോർട്ടിനോടൊപ്പം ആഡിറ്റ് നടത്തിയ കണക്കുകളുടെ പകർപ്പ് ഏത് തീയതിക്കു മുമ്പ് നൽകണമെന്നും ;

(ധ) 28-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം വ്യവസ്ഥ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള സംഗതികളും ആ ഉപവകുപ്പിലെ വ്യവസ്ഥകൾ എത്രത്തോളവും ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായി ആ വകുപ്പിലെ (2)-ാം ഉപവകുപ്പു പ്രകാരം കെട്ടിടത്തൊഴിലാളികൾക്ക് ബാധകമായിരിക്കുമെന്നും ;

(ന) 30-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം തൊഴിലുടമ വച്ചുപോരേണ്ട രജിസ്റ്ററുകളും റിക്കാർഡുകളും അങ്ങനെയുള്ള രജിസ്റ്ററുകളും റിക്കാർഡുകളും വച്ചുപോരേണ്ടത് ഏത് ഫാറത്തിലായിരിക്കണമെന്നും, അതിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങളും ;

(പ) 30-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം പ്രദർശിപ്പിക്കേണ്ട നോട്ടീസിന്റെ ഫാറവും രീതിയും അതിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും ;

(ഫ) 30-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം കെട്ടിടനിർമ്മാണത്തൊഴിലാളികൾക്ക് കൂലി ബുക്കുകളോ കൂലി സ്ളിപ്പുകളോ നൽകുന്നതും കൂലി ബുക്കുകളിലോ കൂലി സ്ളിപ്പുകളിലോ ഏത് രീതിയിലാണ് ഉൾക്കുറിപ്പുകൾ വരുത്തേണ്ടതെന്നും സാക്ഷ്യപ്പെടുത്തേണ്ടതെന്നും ;

(ബ) 33-ാം വകുപ്പുപ്രകാരം ഉണ്ടാക്കിക്കൊടുക്കേണ്ടതായി ആവശ്യമായിട്ടുള്ള കക്കൂസുകളുടെയും മൂത്രപ്പുരകളുടെയും മാതൃകകളും ;

(ഭ) 36-ാം വകുപ്പുപ്രകാരം ഏർപ്പെടുത്തേണ്ട പ്രഥമ ശുശ്രൂഷാ സൗകര്യങ്ങളും ;

(മ) 37-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം ഏർപ്പെടുത്തേണ്ട കാന്റീൻ സൗകര്യങ്ങളും ;

(യ) 37-ാം വകുപ്പ് (ഖ) ഖണ്ഡപ്രകാരം ഏർപ്പെടുത്തേണ്ട ക്ഷേമപ്രവർത്തനങ്ങളും ;

(യക) 38-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം തൊഴിലുടമയുടെയും കെട്ടിടത്തൊഴിലാളികളുടെയും പ്രതിനിധികളുടെ എണ്ണവും ആ വകുപ്പിലെ (2)-ാം ഉപവകുപ്പു പ്രകാരമുള്ള സുരക്ഷിതത്വ ആഫീസർമാരുടെ യോഗ്യതകളും അവർ നിർവഹിക്കേണ്ട കർത്തവ്യങ്ങളും ;

(യഖ) 39-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അപകടം സംബന്ധിച്ച ഒരു നോട്ടീസിന്റെ ഫാറവും, ഇതിലേയ്ക്കായി വ്യവസ്ഥ ചെയ്യേണ്ട മറ്റു സംഗതികളും അങ്ങനെയുള്ള നോട്ടീസ് ഏത് സമയത്തിനുള്ളിൽ നൽകണമെന്നും ;

(യഗ) 40-ാം വകുപ്പുപ്രകാരം കെട്ടിടത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ആരോഗ്യത്തിനുംവേണ്ടി ഉണ്ടാക്കേണ്ട ചട്ടങ്ങളും ;

(യഘ) 43-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ങ) ഖണ്ഡപ്രകാരം ഒരു ഇൻസ്പെക്ടർക്ക് പ്രയോഗിക്കാവുന്ന അധികാരങ്ങളും ആ വകുപ്പിന്റെ (2)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന വിദഗ്ദ്ധർക്കോ ഏജൻസികൾക്കോ ഉണ്ടായിരിക്കേണ്ട യോഗ്യതകളും പരിചയവും അങ്ങനെയുള്ള വിദഗ്ദ്ധരെയോ ഏജൻസികളെയോ ഏതെല്ലാം നിബന്ധനകളിൻമേലും ഉപാധികളിൻമേലും നിയോജിക്കാമെന്നും ;

(യങ) 45-ാം വകുപ്പുപ്രകാരം ഒരു കെട്ടിടത്തൊഴിലാളിക്ക് ഏത് തീയതിയിലോ അല്ലെങ്കിൽ ഏത് തീയതിക്ക് മുമ്പായിട്ടാണോ കൂലി നൽകേണ്ടതെന്നും ;

(യച) 46-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഝ) ഖണ്ഡപ്രകാരം നിർണ്ണയിക്കപ്പെടേണ്ടത് ആവശ്യമായ സംഗതികളും ;

(യഛ) നിർണ്ണയിക്കപ്പെടാൻ ആവശ്യമായതോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതിയും.

(3) ഈ ആക്റ്റിൻകീഴിൽ കേന്ദ്രസർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും, അത് ഉണ്ടാക്കിയ തിനുശേഷം, കഴിയുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടെയും മുമ്പാകെ അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മേൽപ്പറഞ്ഞ പ്രകാരമുള്ള സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കരു തെന്നതിൽ ഇരുസഭകളും യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ അതിനുശേഷം ആ ചട്ടത്തിന് അങ്ങനെ യുള്ള രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം, അതത്സംഗതിപോലെ, പ്രഭാവമുണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള എന്തെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധം ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിൻകീഴിൽ സംസ്ഥാനസർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും, അത് ഉണ്ടാക്കിയ തിനുശേഷം, കഴിയുന്നത്ര വേഗത്തിൽ സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന്റെ, അത് രണ്ടു സഭകൾ അടങ്ങിയതായിരിക്കുന്നിടത്ത് ഓരോ സഭയുടെയും മുമ്പാകെയോ അല്ലെങ്കിൽ അങ്ങനെയുള്ള നിയമനിർമ്മാണ മണ്ഡലം ഒരു സഭ അടങ്ങിയതായിരിക്കുന്നിടത്ത്, ആ സഭ മുമ്പാകെയോ വയ്ക്കേണ്ട താണ്.

63. ***ചില നിയമങ്ങളുടെ ഒഴിവാക്കൽ***—ഈ ആക്റ്റിൽ അടങ്ങിയിരിക്കുന്ന യാതൊന്നും, കെട്ടിട ത്തിന്റെയും മറ്റു നിർമ്മാണത്തിന്റെയും തൊഴിലാളികൾക്ക് ഈ ആക്റ്റിനാലോ ആക്റ്റിൻകീഴിലോ അവർക്കുവേണ്ടി ഏർപ്പെടുത്തുന്ന ക്ഷേമപദ്ധതികളെക്കാൾ കൂടുതൽ ഗുണകരമായിട്ട് അവ ഏർപ്പെടുത്തി യിരിക്കുന്ന ഒരു സംസ്ഥാനത്തിലെ ഏതെങ്കിലും തൽസ്ഥാനീയ നിയമത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതല്ല.

64. ***റദ്ദാക്കലും ഒഴിവാക്കലും***—(1) കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ (തൊഴിലും സേവന വ്യവസ്ഥകളും ക്രമപ്പെടുത്തൽ) മൂന്നാം ഓർഡിനൻസ്, 1996 (1996-ലെ 25-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത എന്തെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾ പ്രകാരം ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതേണ്ടതാണ്.